16
2025
ഫെബ്രുവരി
ഞായർ
കുംഭം 4

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.77 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-77 പേജ് 4. വില 2.00 രൂപ




02 ഓൺലൈൻ തട്ടിപ്പിലൂടെ 15 ലക്ഷം രൂപ തട്ടിയെടുത്ത കേസ്; ഒരാൾ പിടിയിൽ

03 നിർമാതാക്കൾ തമ്മിലെ പ്രശ്നങ്ങൾ അവർതന്നെ പറഞ്ഞു തീർക്കട്ടെ: മന്ത്രി സജി ചെറിയാൻ

04 വയനാടിന് പ്രത്യേക സാമ്പത്തിക പാക്കേജ് പ്രഖ്യാപിക്കാത്തത് അനീതി: പ്രതിപക്ഷ നേതാവ്

# കടൽ മണൽ ഖനനം തീരുമാനം പിൻവലിക്കണമെന്ന് കേരള എംപിമാർ



ന്യൂഡൽഹി: കടൽമണൽ ഖനനം അനുവദിക്കാനുള്ള കേന്ദ്രസർക്കാർ തീരുമാനം പിൻവലിക്കണമെന്ന് എംപിമാരായ കെ. സി. വേണുഗോപാലും എൻ. കെ. പ്രേമചന്ദ്രനും ലോക്സഭയിൽ ആവശ്യപ്പെട്ടു.

കടൽത്തീരത്തെ മണൽ ഖനനം മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുമെന്നും കടലിന്റെ ആവാസവ്യവസ്ഥയെ തകർക്കുമെന്നും വേണുഗോപാൽ പറഞ്ഞു.

മത്സ്യസന്പത്തുകൊണ്ട് സമൃദ്ധമായ കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ വ്യാപിച്ചുകിടക്കുന്ന 85 കിലോമീറ്റർ നീളത്തിലുള്ള കൊല്ലം പരപ്പ് അഥവ ക്വയിലോൺ ബാങ്ക് മേഖലയിലാണ് ആഴക്കടൽ മണൽ ഖനനത്തിനുള്ള ടെൻഡർ ലഭിച്ചിരിക്കുന്നതെന്നും ഇത് ഇവിടങ്ങളിലെ മത്സ്യമേഖലയെ തകർത്തുകളയുന്നതാണെന്നും എൻ. കെ. പ്രേമചന്ദ്രൻ ചൂണ്ടിക്കാട്ടി.

പരിസ്ഥിതി, സാമൂഹ്യ, ആരോഗ്യ ആഘാത പഠനങ്ങൾ നടത്താതെയാണ് ഖനനത്തിനുള്ള നീക്കം. ആണവോർജ മൂലകങ്ങൾ ഉൾപ്പെടെ അപൂർവ മൂലകങ്ങൾ അടങ്ങിയ ആഴക്കടൽ മണൽ ഖനനം ചെയ്യാൻ സ്വകാര്യ ഏജൻസികൾക്ക് അനുവാദം കൊടുക്കുന്നതിനുള്ള വളഞ്ഞ വഴിയാണ് ഇപ്പോഴത്തെ നടപടിയെന്നും പ്രേമചന്ദ്രൻ ആരോപിച്ചു.

ആഴക്കടൽ മണൽ ഖനനം കൊണ്ടുണ്ടാകുന്ന ഗുരുതരമായ ദോഷഫലങ്ങൾ കണക്കിലെടുത്ത് ടെൻഡർ നടപടികൾ നിർത്തിവയ്ക്കണമെന്നും ഖനനനിർദേശം പിൻവലിക്കണമെന്നും വേണുഗോപാലും പ്രേമചന്ദ്രനും ആവശ്യപ്പെട്ടു.

## അധ്യാപകനെയും പോലീസുകാരനെയും ജോലിയിൽ നിന്നും പിരിച്ചുവിട്ടു

ശ്രീനഗർ: ജമ്മുകാഷ്മീരിൽ ഭീകരരുമായി ബന്ധമുണ്ടെന്ന് കണ്ടെത്തിയതിന്റെ പശ്ചാത്തലത്തിൽ പോലീസ് കോൺസ്റ്റബിൾ, അധ്യാപകൻ, വനംവകുപ്പ് ജീവനക്കാരൻ എന്നിവരെ ജോലിയിൽ നിന്നും പിരിച്ചുവിട്ടു. ഗവർണർ മനോജ് സിൻഹയാണ് നടപടി സ്വീകരിച്ചത്. പോലീസും രഹസ്യാന്വേഷണ ഏജൻസികളും നടത്തിയ അന്വേഷണത്തിൽ ഇവരുടെ ഭീകര ബന്ധം കണ്ടെത്തിയതിനെ തുടർന്നാണ് ലെഫ്റ്റനൻറ് ഗവർണറുടെ നടപടിയെന്ന് വൃത്തങ്ങൾ അറിയിച്ചു.

2024 മെയ് മാസത്തിൽ അറസ്റ്റിലായ ജമ്മു കാഷ്മീർ പോലീസ് കോൺസ്റ്റബിൾ ഫിർദൗസ് അഹമ്മദ് ഭട്ട്, ജില്ലാ ജയിലിൽ കഴിയുന്ന അധ്യാപകനായ മുഹമ്മദ് അഷ്റഫ് ഭട്ട്, ഫോറസ്റ്റ് റേഞ്ച് ഓഫീസിൽ ജോലിയ ചെയ്യുന്ന നിസാർ അഹമ്മദ് ഖാൻ എന്നിവരെയാണ് പിരിച്ചുവിട്ടത്. ഫിർദൗസ് അഹമ്മദ് ഭട്ടും മുഹമ്മദ് അഷ്റഫ് ഭട്ടും ഭീകര സംഘടനയായ ലഷ്കർ-ഇ-തൊയ്ബയിലെ അംഗങ്ങളാണ്. നിസാർ അഹമ്മദ് ഖാൻ ഹിസ്ബുൾ മുജാഹിദീനെ സഹായിച്ചതായി വൃത്തങ്ങൾ അറിയിച്ചു.

## വയനാട് പുനർനിർമാണം: കേന്ദ്രവായ്പയ്ക്കുള്ള ഉപാധിയിൽ ഇളവ് ആവശ്യപ്പെടാൻ കേരളം

ന്യൂഡൽഹി: വയനാട് പുനർ നിർമാണത്തിനായി കേന്ദ്രം അനുവദിച്ച വായ്പയ്ക്കുള്ള ഉപാധിയിൽ ഇളവ് ആവശ്യപ്പെടാൻ കേരളം. വായ്പ തുക മാർച്ച് 31നകം ചെലവഴിക്കണമെന്ന ഉപാധി പ്രായോഗികമല്ലെന്നാണ് സർക്കാർ നിലപാട്.

ഈ സാന്പത്തിക വർഷത്തിൽതന്നെ പദ്ധതികൾ തുടങ്ങിവയ്ക്കാനാണ് സർക്കാർ നീക്കം. ഇതിനായി കേന്ദ്രം അനുവദിച്ച വായ്പ എങ്ങനെ വിനിയോഗിക്കണമെന്ന് ചർച്ച ചെയ്യാൻ വിവിധ വകുപ്പ് സെക്രട്ടറിമാരുടെ യോഗം വിളിക്കും.

എത്രയും പെട്ടെന്ന് തുക വിനിയോഗിക്കാൻ വഴി ആലോചിക്കും. ദുരന്തനിവാരണ വകുപ്പിന്റെ നേതൃത്വത്തിലാണ് പദ്ധതി തയാറാക്കുന്നത്.

മുഖ്യമന്ത്രിയുടെ ഓഫീസ് മുൻകൈയെടുത്താണ് തുടർ നടപടി ചർച്ച ചെയ്യുന്നത്. പദ്ധതി തുടങ്ങിവച്ച ശേഷം കേന്ദ്രത്തോട് കൂടുതൽ സമയം തേടും.

വയനാട് പുനർ നിർമാണത്തിനായി കേന്ദ്രസഹായം തേടിയ കേരളത്തിന് 529.5 കോടിയുടെ കാപ്പക്സ് വായ്പയാണ് കേന്ദ്ര സർക്കാർ അനുവദിച്ചത്.

2025 മാർച്ച് 31 നകം ഉപയോഗിക്കണമെന്ന വ്യവസ്ഥയോടെയാണ് മൂലധന നിക്ഷേപ പദ്ധതികൾക്കുള്ള പ്രത്യേക സഹായ പദ്ധതിയിൽ വായ്പ അനുവദിച്ചിരിക്കുന്നത്.

## നെയ്യാറ്റിൻകര ഗോപന്റെ മരണത്തിൽ അസ്വാഭാവികതയില്ലെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ട്

തിരുവനന്തപുരം: നെയ്യാറ്റിൻകര ഗോപന്റെ മരണത്തിൽ അസ്വാഭാവികതയില്ലെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ട്. മൂക്ക്, തല, മുഖം എന്നിവിടങ്ങളിൽ ചതവുകളുണ്ടെങ്കിലും അത് മരണകാരണമല്ലെന്നും റിപ്പോർട്ടിൽ പറയുന്നു.

ഗുരുതര രോഗങ്ങൾ ബാധിച്ച് കരൾ, വൃക്ക എന്നിവ തകരാറിലായിരുന്നു. രാസപരിശോധനാഫലം ലഭിച്ചശേഷം മാത്രം മരണകാരണം കണ്ടെത്താനകൂവെന്നും റിപ്പോർട്ടിൽ പറയുന്നു.

ഗോപന്റെ ഹൃദയ വാൽവിൽ രണ്ട് ബ്ലോക്ക് ഉണ്ടായിരുന്നുവെന്നും പ്രമേഹം ബാധിച്ചു കാലുകളിൽ മുറിവുണ്ടായിരുന്നു എന്നും റിപ്പോർട്ടിലുണ്ട്. വായിലും ശ്വാസകോശത്തിലും ഭസ്മത്തിന്റെ സാന്നിധ്യം ഉണ്ടായിരുന്നെങ്കിലും അത് മരണകാരണമല്ലെന്നും റിപ്പോർട്ടിൽ പറയുന്നു.

മക്കൾ സമാധിയിരുത്തി വിവാദമായതോടെയാണ് ആറാലുംമൂട് കാവുവിളാകം സിദ്ധൻ ഭവനിൽ ഗോപന്റെ കല്ലറ ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ പോലീസ് തുറന്നു മൃതദേഹം പുറത്തെടുത്തത്. തുടർന്നായിരുന്നു പോസ്റ്റ്മോർട്ടം.

അടുത്ത ദിവസം പുതിയ കല്ലറയിൽ സന്യാസിമാരുടെ സാന്നിധ്യത്തിൽ ഗോപനെ സംസ്കരിക്കുകയും ചെയ്തു. ഗോപൻ സമാധിയായെന്നു മക്കൾ പോസ്റ്ററുകൾ പതിച്ചതോടെയാണ് സംഭവം പുറത്തറിഞ്ഞത്.

## ശ്രീലങ്കൻ കാറ്റാടിപ്പാടം പദ്ധതികളിൽനിന്ന് അദാനി പിന്മാറി

കൊളംബോ: ശ്രീലങ്കൻ സർക്കാർ തീരുവ കുറച്ചതിനെത്തുടർന്ന് ലങ്കൻ കാറ്റാടിപ്പാടം പദ്ധതികളിൽനിന്ന് അദാനി ഗ്രൂപ്പ് പിന്മാറി.

100 കോടി ഡോളറിന്റെ വമ്പൻ പദ്ധതിയിൽനിന്നാണ് അദാനി പിന്മാറുന്നത്. 2026 പകുതിയോടെ പൂർത്തിയാകുമെന്നു പ്രതീക്ഷിച്ചിരുന്ന പദ്ധതിക്ക് പരിസ്ഥിതി സംഘടനകളിൽനിന്നും എതിർപ്പുണ്ടായിരുന്നു.

പാരിസ്ഥിതിക പ്രശ്നം ചൂണ്ടിക്കാട്ടി ശ്രീലങ്കൻ സുപ്രീംകോടതിയിൽ നിയമയുദ്ധവും നടന്നുവന്നിരുന്നു. കഴിഞ്ഞ മേയിൽ, ശ്രീലങ്കയുടെ മുൻ സർക്കാർ അദാനിയിൽനിന്നു വൈദ്യുതി വാങ്ങാൻ തീരുമാനിച്ചിരുന്നു.

എന്നാൽ, അനുര കുമാര ദിസനായകെയുടെ പുതിയ സർക്കാർ വൈദ്യുതി കരാറുകൾ അവലോകനം ചെയ്യാൻ തീരുമാനിച്ചതോടെ വൈദ്യുതിക്കു നൽകുന്ന തുകയിൽ കുറവ് വരുത്തുവാൻ ചർച്ചകൾ ആരംഭിച്ചതായി കഴിഞ്ഞ മാസം സർക്കാർ അറിയിച്ചിരുന്നു. സാമ്പത്തികമായി ലാഭകരമല്ലാത്തതിനാൽ പദ്ധതികളിൽനിന്ന് പിന്മാറുന്നുവെന്നാണ് അദാനി ഗ്രീൻ എനർജി ശ്രീലങ്കയെ അറിയിച്ചിരിക്കുന്നത്.

## സർക്കാരുകൾ നല്ലതു ചെയ്താൽ അംഗീകരിക്കണം; രാഷ്ട്രീയത്തിന് അതീതമായി നല്ല കാര്യങ്ങളെ കാണണം, നിലപാടിലുറച്ച് തരൂർ

തിരുവനന്തപുരം: കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നല്ല കാര്യങ്ങൾ ചെയ്താൽ അംഗീകരിക്കണമെന്നും തന്റെ നിലപാടിൽ മാറ്റമില്ലെന്നും ശശി തരൂർ എംപി. വർഷങ്ങളായി താൻ പറയുന്ന കാര്യമാണിത്. വസ്തുതകളുടെ അടിസ്ഥാനത്തിലാണ് താൻ ലേഖനമെഴുതിയതെന്നും തരൂർ വ്യക്തമാക്കി.

ലേഖനം വായിക്കുന്നതിൽ സന്തോഷമുണ്ട്. രാഷ്ട്രീയത്തിന് അതീതമായി നല്ല കാര്യങ്ങളെ കാണണം. കുട്ടികളുടെ നല്ല ഭാവിക്ക് നിക്ഷേപം വേണമെന്നാണ് ലേഖനത്തിന്റെ അവസാന ഭാഗത്ത് പറയുന്നത്.

കണക്ക് ഏതെന്ന് അറിയാൻ പ്രതിപക്ഷ നേതാവ് ലേഖനം വായിക്കണം. വിദേശകാര്യങ്ങളിൽ രാജ്യതാൽപര്യം നോക്കണം. അതിൽ രാഷ്ട്രീയ താൽപര്യം നോക്കരുത്. ഇതാണ് തന്റെ നിലപാട്. മോദി ട്രംപിനെ കണ്ടത് രാജ്യത്തിനുള്ള അംഗീകാരമാണ്.

ലേഖനത്തെ അനുകൂലിച്ച് കോൺഗ്രസിൽ നിന്ന് ചിലർ വിളിച്ചിരുന്നു. വ്യവസായ സൗഹൃദത്തിൽ കേരളം ഒന്നാമതായെങ്കിൽ കാരണം സിപിഎം നൽകിയ റാങ്കിംഗ് അല്ലെന്നും ദേശീയ റാങ്കിംഗ് ആണെന്നും ശശി തരൂർ പറഞ്ഞു.

നേരത്തെ സ്റ്റാർട്ട് അപ്പ് രംഗത്തെ വളർച്ചയും വ്യവസായ സൗഹൃദ റാങ്കിംഗിൽ കേരളം ഒന്നാമത് എത്തിയത് ചൂണ്ടിക്കാട്ടി തരൂർ ദിനപത്രത്തിൽ ലേഖനമെഴുതിയിരുന്നു. കൂടാതെ മോദിയുടെയും ട്രംപിന്റെയും പ്രസ്താവനകൾ ഏറെ പ്രതീക്ഷ നൽകുന്നതാണെന്നും വ്യാപാര മേഖലയിൽ സെപ്റ്റംബർ, ഒക്ടോബർ മാസത്തോടെ മാറ്റങ്ങളുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞിരുന്നു.

## മൂന്ന് ബന്ദികളെ കൂടി മോചിപ്പിച്ച് ഹമാസ്; 369 തടവുകാരെ വിട്ടയച്ച് ഇസ്രയേൽ

ഗാസ സിറ്റി: മൂന്ന് ബന്ദികളെ കൂടി മോചിപ്പിച്ച് ഹമാസ്. അർജൻറീന പൗരൻ യെയർ ഹോൺ, അമേരിക്കൻ പൗരൻ സാഗുയി ഡെക്കൽ-ചെൻ, റഷ്യൻ പൗരൻ സാഷ ട്രൂഫാനോവ് എന്നിവരെയാണ് മോചിപ്പിച്ചത്.

ഈജിപ്ത്, ഖത്തർ എന്നീ രാജ്യങ്ങളുടെ മധ്യസ്ഥ ശ്രമങ്ങളെ തുടർന്നാണ് നടപടി. 2023 ഒക്ടോബർ ഏഴിന് നടന്ന ആക്രമണത്തിനിടെ പിടികൂടിയ ബന്ദികളെ ഹമാസ്, ഇൻറർനാഷണൽ റെഡ് ക്രോസ് കമ്മിറ്റിക്കാണ് കൈമാറിയത്. തുടർന്ന് ഇവരെ ഇസ്രായേൽ സേനയ്ക്ക് കൈമാറി.

മോചിതരായ ബന്ദികൾ ഇസ്രായേലിൽ തിരിച്ചെത്തിയതായി സൈന്യം സ്ഥിരീകരിച്ചു. മൂന്ന് ബന്ദികൾക്ക് പകരമായി ഇസ്രയേൽ 369 പാലസ്തീൻ തടവുകാരെ മോചിപ്പിച്ചു.

മാസങ്ങളോളം തടവിലായിരുന്ന മൂന്ന് ബന്ദികളെയും ഗാസയിലെ തെക്കൻ നഗരമായ ഖാൻ യൂനിസിൽ റെഡ് ക്രോസിന് കൈമാറുന്നതിന്റെ ചിത്രങ്ങളും പുറത്തുവന്നിട്ടുണ്ട്. ബന്ദികൾ ആരോഗ്യവാന്മാരായിരുന്നുവെന്നും ഇവരുടെ കൈവശം സമ്മാന ബാഗുകളും സർട്ടിഫിക്കറ്റുകളും കണ്ടതായി റിപ്പോർട്ടുകളുണ്ട്.

മൂന്ന് ബന്ദികളെ മോചിപ്പിച്ചതോടെ വെടിനിർത്തൽ ആരംഭിച്ചതിനുശേഷം മോചിപ്പിക്കപ്പെട്ട ആകെ ബന്ദികളുടെ എണ്ണം 19 ആയി. ഇനിയും നിരവധി ബന്ദികൾ ഹമാസിന്റെ തടവിലുണ്ട്. അവരെ മോചിപ്പിക്കാനുള്ള ശ്രമങ്ങൾ തുടരുകയാണ്.

## ഇ.ഡിയെന്ന വ്യാജേന കർണാടകയിൽ റെയ്ഡ്, 45 ലക്ഷം കവർന്നു; കൊടുങ്ങല്ലൂർ എഎസ്ഐ അറസ്റ്റിൽ

തൃശൂർ : കർണാടകയിലെ ബീഡിക്കമ്പനി ഉടമയുടെ വീട്ടിൽ ഇ.ഡി (എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്) ഉദ്യോഗസ്ഥർ ചമഞ്ഞെത്തി വ്യാജ റെയ്ഡ് നടത്തി 45 ലക്ഷം രൂപ കവർന്ന കേസിൽ കൊടുങ്ങല്ലൂർ സ്റ്റേഷനിലെ എഎസ്ഐ അറസ്റ്റിൽ. ഇരിങ്ങാലക്കുട കാട്ടുങ്ങച്ചിറ ഏർവാടിക്കാരൻ ഷഹീർ ബാബുവിനെ (50) ആണു ദക്ഷിണ കന്നഡ ജില്ലയിലെ വിട്ട്ള പൊലീസ് സ്റ്റേഷനിൽ നിന്നുള്ള പ്രത്യേക അന്വേഷണ സംഘം അറസ്റ്റ് ചെയ്തത്. കവർച്ചയിൽ ഷഹീറിനൊപ്പം പങ്കെടുത്ത 3 പേരെ കൊല്ലത്തുനിന്നു കഴിഞ്ഞ മാസം ഇതേ അന്വേഷണസംഘം പിടികൂടിയിരുന്നു. ഷഹീർ ബാബു ഉൾപ്പെടെ ആറംഗ സംഘമാണു ജനുവരി മൂന്നിനു ദക്ഷിണ കന്നഡയിലെ ബണ്ട്വാൾ കോൾനാട് നർഷ സ്വദേശിയായ വ്യവസായി എം.സുലൈമാന്റെ വീട്ടിൽ കവർച്ച നടത്തിയത്. പ്ലാന്ററും ബീഡിക്കമ്പനി ഉടമയുമാണു സുലൈമാൻ. രാത്രി എട്ടോടെ തമിഴ്നാട് റജിസ്ട്രേഷനിലുള്ള കാറിലെത്തിയ ആറംഗ സംഘം ഇ.ഡി ഉദ്യോഗസ്ഥരാണെന്നു സ്വയം പരിചയപ്പെടുത്തി വീട്ടിലേക്കു തള്ളിക്കയറി. സുലൈമാന്റെ മകൻ മുഹമ്മദ് ഇഖ്ബാലാണു വീട്ടിലുണ്ടായിരുന്നത്. വാറന്റ് ഉണ്ടെന്നു പറഞ്ഞ ശേഷം കവർച്ചാസംഘം വീടാകെ അരിച്ചുപെറുക്കി. ബിസിനസ് ആവശ്യത്തിനു വീട്ടിൽ കരുതിവച്ചിരുന്ന 45 ലക്ഷം രൂപയും കുടുംബാംഗങ്ങളുടെ 5 മൊബൈൽ ഫോണുകളും പിടിച്ചെടുത്തു.

ബെംഗളൂരുവിലെ ഇ.ഡി ഓഫിസിലെത്തി രേഖകൾ ഹാജരാക്കിയ ശേഷം പണം കൈപ്പറ്റാമെന്നു പറഞ്ഞ് ഇവർ കടന്നുകളഞ്ഞു. തട്ടിപ്പാണെന്നു തിരിച്ചറിഞ്ഞതോടെ ഇഖ്ബാൽ പൊലീസിനു പരാതി നൽകി. ഷഹീർ കവർച്ചയ്ക്കു ശേഷം കൊടുങ്ങല്ലൂർ സ്റ്റേഷനിലെത്തി വീണ്ടും ജോലിയിൽ പ്രവേശിച്ചു. കൂട്ടാളികളിൽ 3 പേർ കൊല്ലത്തുനിന്നു പിടിക്കപ്പെട്ട ശേഷം ഇയാൾ ഇടയ്ക്കിടെ അവധിയെടുത്തു മാറിനിന്നു. കൂട്ടാളികളെ ചോദ്യം ചെയ്തതിൽ നിന്നാണു പൊലീസ് ഉദ്യോഗസ്ഥനും കവർച്ചയിൽ പങ്കെടുത്തുവെന്നു കണ്ടെത്തിയത്.

വിട്ട്!ളയിൽനിന്നു പൊലീസ് സംഘമെത്തി റൂറൽ പൊലീസ് മേധാവി ബി.കൃഷ്ണകുമാറിനെ വിവരമറിയിച്ചു. ഷഹീർ അവധിയിലാണെന്നു കണ്ടതോടെ ഇയാളെ തിരഞ്ഞു കണ്ടെത്തി അറസ്റ്റ് ചെയ്യാൻ റൂറൽ പൊലീസ് സഹായമൊരുക്കി. ഷഹീറിനെയും കൂട്ടി പൊലീസ് സംഘം വിട്ട്!ളയിലേക്കു പുറപ്പെട്ടു.



# എസ്.എ.ടി. സെന്റർ ഓഫ് എക്സലൻസ്: ലൈസോസോമൽ രോഗം ബാധിച്ച കുഞ്ഞുങ്ങൾക്ക് പ്രത്യേക മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു

### മന്ത്രി വീണാ ജോർജ് ക്യാമ്പ് സന്ദർശിച്ച് കുട്ടികളുമായി സന്തോഷം പങ്കുവച്ചു

തിരുവനന്തപുരം എസ്.എ.ടി. സെന്റർ ഓഫ് എക്സലൻസിന്റെ ഭാഗമായി ലൈസോസോമൽ സ്റ്റോറേജ് ബാധിതരായ കുഞ്ഞുങ്ങൾക്കായി പ്രത്യേക മെഡിക്കൽ ക്യാമ്പ് തിരുവനന്തപുരം ചൈൽഡ് ഡെവലപ്മെന്റ് സെന്ററിൽ സംഘടിപ്പിച്ചു. ഗോഷർ, പോംപേ, ഹണ്ടർ, ഹർലർ തുടങ്ങിയ അപൂർവ രോഗങ്ങൾ ബാധിച്ച കുട്ടികളുടെ പ്രത്യേക ക്യാമ്പാണ് സംഘടിപ്പിച്ചത്. ഈ കുഞ്ഞുങ്ങളുടെ ആരോഗ്യനില വിലയിരുത്തി തുടർ ചികിത്സയ്ക്കായാണ് അന്താരാഷ്ട്ര അപൂർവ രോഗ ദിനത്തോടനുബന്ധിച്ച് ക്യാമ്പ് സംഘടിപ്പിച്ചത്. പീഡിയാട്രിക്സ്, ഇ.എൻ.ടി, ജനറ്റിക്സ്, സൈക്കോളജി, ഡെവലപ്മെന്റൽ തെറാപ്പി എന്നീ വിഭാഗങ്ങളിലെ വിദഗ്ധരുടെ നേതൃത്വത്തിലാണ് ക്യാമ്പ് സംഘടിപ്പിച്ചത്. 24 കുട്ടികളാണ് ക്യാമ്പിൽ പങ്കെടുത്തത്.

ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് ക്യാമ്പ് സന്ദർശിച്ച് കുട്ടികളുമായും രക്ഷകർത്താക്കളുമായും സംസാരിച്ചു. അപൂർവ രോഗം ബാധിച്ച കുഞ്ഞുങ്ങൾക്ക് ട്രെയിൻ യാത്രയിൽ സൗജന്യ നിരക്ക് ലഭ്യമാക്കണമെന്ന് അവർ ആവശ്യപ്പെട്ടു. ഇക്കാര്യം ഉന്നയിച്ച് കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്തെഴുതാമെന്ന് മന്ത്രി പറഞ്ഞു. അപൂർവ രോഗം ബാധിച്ചവരുടെ ചികിത്സയ്ക്കായി സർക്കാർ പ്രത്യേക പ്രാധാന്യമാണ് നൽകുന്നത്. അപൂർവ രോഗം ബാധിച്ച കുട്ടികളുടെ ചികിത്സയ്ക്കായുള്ള വിലകൂടിയ മരുന്നുകൾ നൽകാനുള്ള പദ്ധതി രാജ്യത്ത് ആദ്യമായി ആവിഷ്ക്കരിച്ച് നടപ്പിലാക്കി. 2024 ജനുവരി മുതലാണ് ലൈസോസോമൽ രോഗങ്ങൾക്ക് വിലപിടിപ്പുള്ള മരുന്ന് നൽകി വരുന്നത്. നിലവിൽ 8 പേർക്കാണ് മരുന്ന് നൽകുന്നത്.

എസ്.എ.ടി. ആശുപത്രിയെ അപൂർവ രോഗങ്ങളുടെ സെന്റർ ഓഫ് എക്സലൻസായി ഉയർത്തി. സെന്റർ ഓഫ് എക്സലൻസ് പദ്ധതി വഴിയുള്ള ചികിത്സയ്ക്കായി 3 കോടി രൂപ ലഭ്യമായിട്ടുണ്ട്. എസ്.എ.ടി. ആശുപത്രിയിൽ ജനറ്റിക്സ് വിഭാഗം ആരംഭിച്ചു. അപൂർവ രോഗങ്ങളിലെ മികവിന്റെ കേന്ദ്രമായ എസ്എടി ആശുപത്രിയിൽ പീഡിയാട്രിക് ന്യൂറോളജി, ജനിതക രോഗവിഭാഗം, ശ്വാസകോശ രോഗ വിഭാഗം, ഓർത്തോപീഡിക്സ് വിഭാഗം, ഫിസിക്കൽ മെഡിസിൻ വിഭാഗം തുടങ്ങി വിവിധ വിഭാഗങ്ങളിലെ വിദഗ്ധ ഡോക്ടർമാരുടെ സേവനം രോഗികൾക്കായി ഒരു കുടക്കീഴിൽ ലഭ്യമാക്കുന്ന മൾട്ടി ഡിസിപ്ലിനറി ക്ലിനിക്ക് ആരംഭിച്ചു.

സെന്റർ ഓഫ് എക്സലൻസ് പദ്ധതിയുടെ നോഡൽ ഓഫീസർ ഡോ. എച്ച്. ശങ്കറിന്റെ നേതൃത്വത്തിലാണ് ക്യാമ്പ് സംഘടിപ്പിച്ചത്. സിഡിസി ഡയറക്ടർ ഡോ. ദീപ ഭാസ്കരൻ, എസ്.എ.ടി. ആശുപത്രി സൂപ്രണ്ട് ഡോ. ബിന്ദു, പീഡിയാട്രിക്സ് വിഭാഗം മേധാവി ഡോ. ബിന്ദു, ഇ.എൻ.ടി. വിഭാഗം മേധാവി ഡോ. സൂസൻ, ചൈൽഡ് ഹെൽത്ത് നോഡൽ ഓഫീസർ ഡോ. രാഹുൽ എന്നിവർ പങ്കെടുത്തു.

## ജോയിനിങ് റിപ്പോർട്ട് സമർപ്പിക്കണം

2024-25 വർഷത്തെ റിസർച്ച് അവാർഡിന് (ആസ്പെയർ) അർഹരായ രണ്ടാംവർഷ ബിരുദാനന്തരബിരുദത്തിന് പഠിച്ചു കൊണ്ടിരിക്കുന്ന (ബിരുദത്തിൽ 80 ശതമാനവും അതിൽ അധികവും മാർക്ക് നേടിയ) വിദ്യാർത്ഥികളുടെ ഫൈനൽലിസ്റ്റ് collegiateedu.kerala.gov.in, www.dcescholarship.kerala.gov.in വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചു. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾ മാതൃ സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്ത് ആതിഥേയ സ്ഥാപനത്തിൽ പ്രവേശനം നേടിയതിനുശേഷം ജോയിനിങ് റിപ്പോർട്ട് ഫെബ്രുവരി 19ന് വൈകീട്ട് 5നകം dceaspire2018@gmail.com ലേക്ക് മെയിൽ ചെയ്യണം. ഹാർഡ് കോപ്പി നേരിട്ടോ തപാലിലോ സ്കോളർഷിപ്പ് സെക്ഷനിൽ ലഭ്യമാക്കണം.

## എം.ബി.എ. പ്രവേശനം: ന്യൂനതകൾ പരിഹരിക്കാം

2025 ഫെബ്രുവരി 23 ന് കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്ന എം.ബി.എ. പ്രവേശനത്തിനുള്ള ഗങ്ങഅഠ2025 പ്രവേശന പരീക്ഷയ്ക്കായി ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളവർക്ക് പ്രൊഫൈൽ വിവരങ്ങൾ പരിശോധിക്കാം. www.cee.kerala.gov.in ൽ നൽകിയിട്ടുള്ള 'KMAT 2025-Candidate Portal' ലിങ്കിൽ പ്രൊഫൈൽ പരിശോധിക്കുന്നതിനും ന്യൂനതകളുണ്ടെങ്കിൽ ഫെബ്രുവരി 18ന് ഉച്ചയ്ക്ക് 2നുള്ളിൽ തിരുത്തുന്നതിനാവശ്യമായ സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്. ഫോൺ: 0471-2525300.

## അസംഘടിത തൊഴിലാളികൾക്കായി ജില്ലാതല അദാലത്ത്

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി അസംഘടിത തൊഴിലാളികൾക്കുവേണ്ടി ജില്ലാതല അദാലത്തുകൾ സംഘടിപ്പിക്കുന്നു. അംഗങ്ങളുടെ സമഗ്ര വിവരങ്ങൾ ശേഖരിക്കൽ, അംഗത്വം വർധിപ്പിക്കൽ, അംഗത്വം നഷ്ടപ്പെട്ട തൊഴിലാളികൾക്ക് അംഗത്വം പുതുക്കി നൽകൽ എന്നിവയ്ക്ക് അദാലത്തിൽ അവസരമുണ്ട്. അംശദായ കുടിശികയ്ക്ക് പിഴ പലിശ ഒഴിവാക്കി അംശദായം പരമാവധി അഞ്ച് തവണകളായി അദാലത്തിൽ അടയ്ക്കാം. ഫെബ്രുവരി മുതൽ ആറുമാസത്തേക്കാണ് അദാലത്തുകൾ.

## കുടിശിക അദാലത്ത് ക്യാമ്പ്

കേരള ഷോപ്സ് ആൻഡ് കൊമേഴ്ഷ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ കുടിശിക അദാലത്ത് ക്യാമ്പുകൾ നടത്തും. ബോർഡിൽ അംഗത്വമുള്ള കുടിശിക വരുത്തിയിട്ടുള്ള സ്ഥാപനങ്ങൾക്ക് ഈ അവസരം പ്രയോജനപ്പെടുത്താം. അല്ലാത്തപക്ഷം ഏപ്രിലിൽ റവന്യു റിക്കവറി അടക്കമുള്ള നിയമനടപടികൾ നേരിടേണ്ടി വരും.

## എരൂരിൽ യുവാവിനെ കായലിൽ മരിച്ചനിലയിൽ കണ്ടെത്തിയ സംഭവം; പ്രതി പിടിയിൽ

കൊച്ചി: തൃപ്പൂണിത്തുറ എരൂരിൽ യുവാവിനെ കായലിൽ മരിച്ചനിലയിൽ കണ്ടെത്തിയ സംഭവത്തിൽ പ്രതി പിടിയിൽ. ജിഷി എന്നയാളാണ് അറസ്റ്റിലായത്.

മരിച്ച സനലും ജിഷിയും തമ്മിൽ മദ്യപാനത്തിനിടെ അടിപിടിയുണ്ടായെന്നും അതിനെ തുടർന്നാണ് കൊലപാതകം നടന്നതെന്നും പോലീസ് പറഞ്ഞു. ഇവർക്കൊപ്പം ഉണ്ടായിരുന്ന മറ്റ് രണ്ട് സുഹൃത്തുക്കൾ പോയശേഷമാണ് ഇരുവരും തമ്മിൽ അടിപിടിയുണ്ടായത്.

തൃപ്പൂണിത്തുറ എരൂരിൽ ബുധനാഴ്ചയാണ് യുവാവിനെ കായലിൽ മരിച്ചനിലയിൽ കണ്ടെത്തിയത്. എരൂർ പെരീക്കാട് തമ്പി എന്ന് വിളിക്കുന്ന സനൽ (43) ആണ് മരിച്ചത് എന്ന് സ്ഥിരീകരിച്ചിരുന്നു.

## ചെന്നിത്തലയിൽ നീർനായ ആക്രമണം; മധ്യവയസ്കന് പരിക്കേറ്റു

ആലപ്പുഴ: ചെന്നിത്തല വാഴക്കൂട്ടംകടവ് വടക്കുഭാഗത്ത് നീർനായ ആക്രമണം. നീർനായയുടെ ആക്രമണത്തിൽ വാഴക്കൂട്ടം കൊറ്റോട്ടുകാവിൽ ഓമനക്കുട്ടന് (50) പരിക്കേറ്റു. നീർനായ കടിച്ച് വലിച്ചതിനെ തുടർന്ന് ഇരുകാലുകളിലും പരിക്കേറ്റ ഓമനക്കുട്ടൻ മാവേലിക്കര ജില്ലാ ആശുപത്രിയിൽ ചികിത്സ തേടി. അച്ചൻകോവിലാറിന്റെ കൈവഴിയായ പുത്തനാറിലാണ് നീർനായ ശല്യം രൂക്ഷമായിരിക്കുന്നത്. കഴിഞ്ഞ ദിവസങ്ങളിൽ നീർനായ ആക്രമണത്തിൽ നിരവധി പേർക്ക് പരിക്കേറ്റു. ആറ്റിൽ കുളിക്കുന്നതിനും തുണി കഴുകുന്നതിനുമായി ഇറങ്ങിയവരെയാണ് നീർനായ ആക്രമിച്ചത്.

## ട്രെയിനർ തസ്തികയിൽ അപേക്ഷ ക്ഷണിച്ചു

കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന അസാപ് കേരളയിൽ എ ആർ / വി ആർ ട്രെയ്നർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. ബി.ടെക്, എം.ടെക്, ബി സി എ, എം സി എ വിഷയങ്ങളിലോ മറ്റു വിഷയങ്ങളിലെയോ ബിരുദധാരികൾക്ക് ഇതിലേക്ക് അപേക്ഷിക്കാവുന്നതാണ്. കളമശ്ശേരി, കഴക്കൂട്ടം, പാമ്പാടി, കുന്നംകുളം എന്നിവിടങ്ങളിലെ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളിലായാണ് അവസരങ്ങളുള്ളത്. 2025 ഫെബ്രുവരി 20 ന് വൈകുന്നേരം 5 മണിക്ക് മുമ്പായി ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും www.asapkerala.gov.in/careers/ എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## കെ - മാറ്റ് എൻട്രൻസ് : സൗജന്യ പരിശീലനം

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (കിക്മ) 2025 ഫെബ്രുവരി 23-ന് നടക്കുന്ന കെ-മാറ്റ് എം.ബി.എ പരീക്ഷയ്ക്ക് മുന്നോടിയായി സൗജന്യ ഓൺലൈൻ എൻട്രൻസ് പരിശീലനം നൽകും. ആദ്യം രജിസ്റ്റർ ചെയ്യുന്ന 300 വിദ്യാർത്ഥികൾക്കാണ് ഇതിൽ അവസരം ലഭിക്കുന്നത്. രജിസ്റ്റർ ചെയ്യാനുള്ള ലിങ്ക് https://forms.gle/9UobKv71RhyvkxxaA. കൂടുതൽ വിവരങ്ങൾക്ക് 8548618290, 8281743442 എന്ന നമ്പരുകളിൽ ബന്ധപ്പെടാം.

## താത്കാലിക അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

കേരളത്തിലെ ഫാർമസി കോളേജുകളിലെ ബി.ഫാം (ലാറ്ററൽ എൻട്രി) മൂന്നാംഘട്ട അലോട്ട്മെന്റിനു ശേഷം ഒഴിവുള്ള സീറ്റുകളിലേയ്ക്ക് പ്രവേശനത്തിനുള്ള താത്കാലിക സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെൻറ് ലിസ്റ്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലെ 'B.Pharm(LE)2024 Candidate Portal'þഎന്ന ലിങ്കിൽ നിന്നും പ്രൊവിഷണൽ അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. താത്കാലിക അലോട്ട്മെന്റ് സംബന്ധിച്ച് സാധുവായ പരാതികൾ ഉള്ള പക്ഷം ആപ്ലിക്കേഷൻ നമ്പർ, പേര് എന്നിവ ഉൾപ്പെടെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഇ-മെയിൽ (ceekinfo.cee@kerala.gov.in) മുഖേന പരാതികൾ ഫെബ്രുവരി 16 വൈകിട്ട് 5 മണിക്ക് മുമ്പായി അറിയിക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ നൽകിയിട്ടുള്ള വിജ്ഞാപനം കാണുക. ഹെൽപ് ലൈൻ നമ്പർ : 0471 2525300.

## എൽ ബി എസ് സ്കിൽ സെന്ററുകളിൽ 2025 ഫെബ്രുവരിയിൽ പരീക്ഷ

കേരള സർക്കാർ സ്ഥാപനമായ എൽ ബി എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയുടെ കീഴിൽ പ്രവർത്തിക്കുന്ന എൽ ബി എസ് സ്കിൽ സെന്ററുകളിൽ ഈ വർഷം അഡ്മിഷൻ എടുത്ത വിവിധ കോഴ്സുകളുടെ പരീക്ഷ 2025 ഫെബ്രുവരിയിൽ നടത്തുന്നതാണ്. പരീക്ഷക്ക് രജിസ്റ്റർ ചെയ്യാനായി വിദ്യാർത്ഥികൾ അതാതു സ്കിൽ സെന്ററുകൾ മുഖേന ഈ മാസം 18 നു മുൻപായി അപേക്ഷിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കായി 6238553571 എന്ന നമ്പരുമായി ബന്ധപ്പെടേണ്ടതാണ്.

## ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ കോഴ്സുകൾ ആരംഭിക്കുന്നു

കേരള സർക്കാർ സ്ഥാപനമായ എൽ ബി എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയുടെ കീഴിൽ പ്രവർത്തിക്കുന്ന എൽ ബി എസ് സ്കിൽ സെന്ററുകളിൽ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ കോഴ്സുകൾ ആരംഭിക്കുന്നു.

ക്ളാസ് റൂം പഠനം കൂടാതെ ഹോസ്പിറ്റലുകളിൽ ഇന്റേൺഷിപ്പോടു കൂടി നടത്തുന്ന ഈ കോഴ്സുകളിൽ പ്ലസ് ടു കാർക്ക് ഒരു വർഷം നീണ്ടു നിൽക്കുന്ന ഡിപ്ലോമ കോഴ്സും, ഡിഗ്രി കഴിഞ്ഞവർക്ക് ആറു മാസത്തെ പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സിനും ചേരാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കായി 6238553571 എന്ന നമ്പരുമായി ബന്ധപ്പെടേണ്ടതാണ്.

## അഭിമുഖം

തിരുവനന്തപുരം ബാർട്ടൺ ഹില്ലിലുള്ള സർക്കാർ എൻജിനിയറിങ് കോളേജിൽ ഇൻഫർമേഷൻ ടെക്നോളജി വിഭാഗത്തിൽ ഗസ്റ്റ് അധ്യാപക (അസിസ്റ്റന്റ് പ്രൊഫസറുടെ) നിയമനത്തിന് ഫെബ്രുവരി 19ന് അഭിമുഖം നടത്തും. ഇൻഫർമേഷൻ ടെക്നോളജി വിഭാഗത്തിൽ ബി.ഇ/ബി.ടെക്ക്, എം.ഇ/ എം.ടെക്കിൽ ഫസ്റ്റ് ക്ലാസ് വിജയവുമാണ് യോഗ്യത. താത്പര്യമുള്ളവർ പേര്, മേൽവിലാസം, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളുമായി എഴുത്ത് പരീക്ഷയ്ക്കും അഭിമുഖത്തിനുമായി ഫെബ്രുവരി 19ന് രാവിലെ 10ന് ഇൻഫർമേഷൻ ടെക്നോളജി വിഭാഗം മേധാവിയുടെ ചേമ്പറിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: http://www.gecbh.ac.in, 0471-2300484.

## നാഷണൽ യൂത്ത് സെമിനാർ : അപേക്ഷിക്കാനുള്ള തീയതി നീട്ടി

കേരള സംസ്ഥാന യുവജന കമ്മീഷൻ 2025 മാർച്ച് 3, 4 തീയതികളിൽ തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന ദ്വിദിന ദേശീയ സെമിനാറിലേക്ക് അപേക്ഷിക്കാനുള്ള തീയതി ഫെബ്രുവരി 18 വരെ നീട്ടി. '

മോഡേൺ വേൾഡ് ഓഫ് വർക്ക് ആന്റ് യൂത്ത് മെന്റൽ ഹെൽത്ത്' എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന സെമിനാറിലേക്ക് പങ്കെടുക്കുവാൻ താല്പര്യമുള്ള 18 നും 40 നും മദ്ധ്യേ പ്രായമുള്ള യുവജനങ്ങൾ ബയോഡേറ്റയും ഫോട്ടോയും സഹിതം അപേക്ഷ സമർപ്പിക്കണം. അക്കാഡമിക് രംഗങ്ങളിലും അക്കാഡമികേതര പ്രവർത്തനങ്ങളിലും മികവു പുലർത്തിയവർക്കും തൊഴിൽ - തൊഴിൽ അവകാശങ്ങൾ, തൊഴിലും മാനസികാരോഗ്യവും തുടങ്ങിയ മേഖലകളിൽ പ്രാവീണ്യമുള്ളവർക്കും മുൻഗണന. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സെമിനാർ പ്രബന്ധങ്ങൾ അവതരിപ്പിക്കാൻ താല്പര്യമുള്ളവർ പ്രബന്ധസംഗ്രഹം കൂടി ബയോഡേറ്റക്കൊപ്പം സമർപ്പിക്കണം.

അപേക്ഷകൾ ksycyouthseminar@gmail.com എന്ന മെയിൽ ഐ.ഡിയിലോ വികാസ് ഭവനിലുള്ള കമ്മീഷൻ ഓഫീസിൽ തപാൽ മുഖേനയോ (കേരള സംസ്ഥാന യുവജന കമ്മീഷൻ, വികാസ് ഭവൻ, പി.എം. ജി, തിരുവനന്തപുരം -33), നേരിട്ടോ നൽകാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് കമ്മീഷനുമായി ബന്ധപ്പെടാം. ഫോൺ : 8086987262, 0471-2308630.

## സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ് : അപേക്ഷ സ്വീകരിക്കുന്ന തീയതി ദീർഘിപ്പിച്ചു

കേരളത്തിലെ സർക്കാർ / സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥിനികൾക്ക് (മുസ്ലീം, ക്രിസ്ത്യൻ (എല്ലാ വിഭാഗക്കാർക്കും), സിഖ്, ബുദ്ധ, ജൈന, പാഴ്സി) ജനസംഖ്യാനുപാതികമായി 2024-25 സാമ്പത്തിക വർഷത്തിലെ സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ് / ഹോസ്റ്റൽ സ്റ്റൈപന്റിന് അപേക്ഷിക്കാം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 17 വരെ വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

കേരളത്തിൽ പഠിക്കുന്ന സ്ഥിര താമസക്കാരായ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിനികൾക്കാണ് സ്കോളർഷിപ്പ് നൽകുന്നത്. മെറിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിച്ച സ്വാശ്രയ മെഡിക്കൽ/എഞ്ചിനീയറിഗ് കോളേജുകളിൽ പഠിക്കുന്നവർക്കും സ്കോളർഷിപ്പിന് അപേക്ഷിക്കാം. ഒരു വിദ്യാർത്ഥിനിക്ക് സ്കോളർഷിപ്പ് അല്ലെങ്കിൽ ഹോസ്റ്റൽ സ്റ്റൈപന്റ് എന്നിവയിൽ ഏതെങ്കിലും ഒന്നിന് അപേക്ഷിക്കാം.

ബിരുദത്തിന് 5000 രൂപയും, ബിരുദാനന്തര ബിരുദത്തിന് 6000 രൂപയും, പ്രൊഫഷണൽ കോഴ്സിന് 7000 രൂപയും, ഹോസ്റ്റൽ സ്റ്റൈപ്പന്റ് ഇനത്തിൽ 13,000 രൂപയുമാണ് സ്കോളർഷിപ്പ് തുകയായി അനുവദിക്കുന്നത്. ആദ്യ വർഷങ്ങളിൽ അപേക്ഷിക്കാൻ കഴിയാതെ പോയവർക്കും ഇപ്പോൾ പഠിക്കുന്ന വർഷത്തേയ്ക്ക് അപേക്ഷിക്കാം. അപേക്ഷകർ യോഗ്യതാ പരീക്ഷയിൽ 50 ശതമാനത്തിൽ കുറയാതെ മാർക്ക് നേടിയിരിക്കണം. കോളേജ് ഹോസ്റ്റലുകളിൽ താമസിക്കുന്നവർക്കും, സ്ഥാപന മേധാവി അംഗീകരിച്ചിട്ടുള്ള സ്വകാര്യ ഹോസ്റ്റലുകളിൽ താമസിക്കുന്നവർക്കും ഹോസ്റ്റൽ സ്റ്റൈപ്പന്റിനായി അപേക്ഷിക്കാം.

കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലായിരിക്കും സ്കോളർഷിപ്പിനായി തെരഞ്ഞെടുക്കുന്നത്. കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപയിൽ കവിയരുത് (ബി.പി.എൽ-കാർക്ക് മുൻഗണന). അപേക്ഷകർക്ക് ഏതെങ്കിലും ദേശസാൽകൃത ബാങ്ക് / ഷെഡ്യൂൾഡ് ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. www.minoritywelfare.kerala.gov.in എന്ന വെബ് സൈറ്റിലെ സ്കോളർഷിപ്പ് മെന്യൂ ലിങ്ക് മുഖേന ഓൺലൈനായി അപേക്ഷിക്കാം. ഓൺലൈൻ അപേക്ഷയുടെ ഫീൽഡുകൾ പൂർണമായി പൂരിപ്പിച്ച് നിർദ്ദിഷ്ട രേഖകൾ അപ്‌ലോഡ് ചെയ്ത് പ്രിന്റ് ഔട്ടും അനുബന്ധ രേഖകളും നിശ്ചിത തീയതിക്കുള്ളിൽ സ്ഥാപനമേധാവിയ്ക്ക് സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് 0471 2300524, 0471-2302090, 0471-2300523 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

## കമ്പ്യൂട്ടർ ആൻഡ് ഡി.ടി.പി ഓപ്പറേഷൻ കോഴ്സിൽ സീറ്റൊഴിവ്

സാങ്കേതിക വിദ്യാഭ്യാസ വകുപ്പും കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിങ്ങും സംയുക്തമായി തിരുവനന്തപുരത്തെ ട്രെയിനിങ് ഡിവിഷനിൽ ആരംഭിക്കുന്ന സർട്ടിഫിക്കറ്റ് ഇൻ കമ്പ്യൂട്ടർ ആൻഡ് ഡി.ടി.പി ഓപ്പറേഷൻ കോഴ്സിലെ ഒഴിവുള്ള സീറ്റുകളിലേക്ക് പ്രവേശനം ആരംഭിച്ചു. എസ്.എസ്.എൽ.സി. അഥവാ തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ മറ്റർഹ വിഭാഗക്കാർക്ക് നിയമാനുസൃത ഫീസ് സൗജന്യമായിരിക്കും. പഠനകാലയളവിൽ സ്റ്റൈപന്റും ലഭിക്കും. ഒ.ബി.സി./മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് വരുമാന പരിധിക്ക് വിധേയമായി ഫീസ് സൗജന്യമായിരിക്കും.

അപേക്ഷകർ വിദ്യാഭ്യാസയോഗ്യത, ജാതി, വരുമാനം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും പാസ്പോർട്ട് സൈസ് ഫോട്ടോ സഹിതം കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിങ് ആൻഡ് ട്രെയിനിങ്, ട്രെയിനിംഗ് ഡിവിഷൻ, സിറ്റി സെന്റർ, പുന്നപുരം, പടിഞ്ഞാറേ കോട്ട, തിരുവനന്തപുരം -695024 വിലാസത്തിൽ നേരിട്ട് ഹാജരാകണം. വെബ്സൈറ്റ് : www.captkerala.com, ഫോൺ: 0471-2474720, 2467728.

## ഓൺലൈൻ തട്ടിപ്പിലൂടെ 15 ലക്ഷം രൂപ തട്ടിയെടുത്ത കേസ്; ഒരാൾ പിടിയിൽ

ആലപ്പുഴ: ഓൺലൈൻ തട്ടിപ്പിലൂടെ15 ലക്ഷം രൂപ തട്ടിയെടുത്ത കേസിൽ ഒരാൾ പിടിയിലായി. മലപ്പുറം തിരൂരങ്ങാടി കുന്നത്ത് വീട്ടിൽ അബ്ദുൾ സലാം (39) ആണ് പിടിയിലായത്. പത്തിയൂർ സ്വദേശിയായ ഐടി ജീവനക്കാരന്റെ കൈയിൽനിന്നും 15.11 ലക്ഷം രൂപയാണ് തട്ടിയെടുത്തത്. ടാറ്റ പ്രൊജക്റ്റ് ഗ്രൂപ്പിന്റെ റപ്രസൻറേറ്റീവ് ആണെന്ന് പറഞ്ഞ് ആൾമാറാട്ടം നടത്തി ആയിരുന്നു തട്ടിപ്പ്.

ഓൺലൈൻ വഴി സ്റ്റോക്ക് മാർക്കറ്റിൽ ഇൻവെസ്റ്റ് ചെയ്ത് അതുവഴി ലാഭം ഉണ്ടാക്കാമെന്ന് പറഞ്ഞാണ് തട്ടിപ്പ് നടത്തിയത്. പോലീസ് നടത്തിയ അന്വേഷണത്തിൽ തിരൂരങ്ങാടിയിൽ നിന്നാണ് പ്രതി പിടിയിലായത്.

## അതിഥി അധ്യാപക നിയമനം

താനൂർ സി.എച്ച്.എം.കെ.എം ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജിൽ 2024-25 അധ്യയന വർഷത്തേക്ക് മാത്തമാറ്റിക്സ് വിഭാഗത്തിൽ അതിഥി അധ്യാപകരെ നിയമിക്കുന്നു.

യു.ജി.സി നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയുള്ളവരും കോഴിക്കോട് കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുമായ ഉദ്യോഗാർഥികൾ യോഗ്യതകൾ, മുൻപരിചയം എന്നിവ തെളിയിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ഫെബ്രുവരി 18ന് രാവിലെ 10 മണിക്ക് അഭിമുഖത്തിനായി കോളേജിൽ നേരിട്ട് ഹാജരാകണം.

വിശദവിവരങ്ങൾക്ക് കോളേജ് വെബ്സൈറ്റ് (gctanur.ac.in) സന്ദർശിക്കുക.

## ട്യൂട്ടർ നിയമനം

വയനാട് സർക്കാർ നഴ്സിംഗ് കോളേജിൽ ട്യൂട്ടർ തസ്തികയിൽ നിലവിലുള്ള രണ്ട് ഒഴിവുകളിലേക്ക് പ്രതിമാസം 25,000 രൂപ ഏകീകൃത ശമ്പളത്തിൽ താൽകാലിക നിയമനം നടത്തും. എം.എസ്.സി നഴ്സിംഗ് യോഗ്യതയും കെ.എൻ.എം.സി പെർമനന്റ് രജിസ്ട്രേഷനും ഉള്ള ഉദ്യോഗാർഥികൾക്ക് കൂടുക്കാഴ്ചയിൽ പങ്കെടുക്കാവുന്നതാണ്. സർക്കാർ / സ്വാശ്രയ നഴ്സിങ് കോളേജുകളിൽ നിന്നും എം.എസ്.സി നഴ്സിംഗ് വിജയകരമായി പഠനം പൂർത്തിയാക്കിയിരിക്കണം. താല്പര്യമുള്ള ഉദ്യോഗാർഥികൾ വിദ്യാഭ്യാസ യോഗ്യത അസൽ സർട്ടിഫിക്കറ്റുകൾ (എസ് എസ് എൽ സി, പ്ലസ്ടു, യു ജി / പി ജി മാർക്ക് ലിസ്റ്റ് ഉൾപ്പെടെ), പ്രവൃത്തി പരിചയം തെളിയിക്കുന്ന സാക്ഷ്യപത്രം, ആധാർ, പാൻ, വയസ് തെളിയിക്കുന്ന അസൽ രേഖകൾ സഹിതം ഫെബ്രുവരി 21 രാവിലെ 11 മണിക്ക് വയനാട് സർക്കാർ നഴ്സിംഗ് കോളേജ് പ്രിൻസിപ്പാളിന്റെ ഓഫീസിൽ നടക്കുന്ന വാക്ക് ഇൻ ഇന്റർവ്യൂവിൽ ഹാജരാകണം.

## കാട്ടാക്കട കുറ്റിച്ചലിൽ പ്ലസ് വൺ വിദ്യാർഥി സ്കൂളിൽ തൂങ്ങി മരിച്ച നിലയിൽ

തിരുവനന്തപുരം: കാട്ടാക്കട കുറ്റിച്ചലിൽ പ്ലസ് വൺ വിദ്യാർഥിയെ സ്കൂളിൽ തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തി. കുറ്റിച്ചൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥി കുറ്റിച്ചൽ എരുമകുഴി സ്വദേശി ബെൻസൺ ഏബ്രഹാം നെയാണ് രാവിലെ തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തിയത്.

ഇന്നലെ വൈകുന്നേരം മുതൽ വിദ്യാർഥിയെ കാണാനില്ലായിരുന്നു. ബന്ധുക്കൾ അന്വേഷിക്കുന്നതിനിടെ ആണ് മൃതദേഹം കണ്ടെത്തിയത്. സ്കൂളിൽ പ്രോജക്ട് സബ്മിറ്റ് ചെയ്യേണ്ട ദിവസമായിരുന്നു ഇന്ന്. പൊലീസ് സ്ഥലത്തെത്തി ഇൻക്വസ്റ്റ് നടപടികൾ തുടങ്ങി.

കുട്ടിയെ കാണാനില്ല എന്ന് ബന്ധുക്കൾ ഇന്നലെ പരാതി നൽകിയിരുന്നു. രാവിലെ ആറുമണിയോടെയാണ് മൃതദേഹം കണ്ടെത്തിയത്

# യുക്രെയ്ൻ: ഏകപക്ഷീയ നീക്കങ്ങളുമായി ട്രംപ്

വാഷിംഗ്ടൺ ഡിസി: യുദ്ധം അവസാനിപ്പിക്കുന്നതിനായി യുക്രെയ്ൻ പ്രസിഡൻറ് സെലൻസ്കിയുമായും റഷ്യൻ പ്രസിഡൻറ് പുടിനുമായും ബുധനാഴ്ച ഫോണിൽ ചർച്ച നടത്തിയെന്നു യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് അറിയിച്ചു. യുദ്ധം അവസാനിപ്പിക്കാനുള്ള ചർച്ചകൾ ഉടൻ ആരംഭിക്കുന്നതിനു പുടിനുമായി ധാരണയിലെത്തി.

പുടിനുമായി മുഖാമുഖ ചർച്ചയ്ക്കും തീരുമാനമായി. സൗദിയിലായിരിക്കും കൂടിക്കാഴ്ച. എന്നാൽ, കൂടിക്കാഴ്ചയുടെ തീയതി ട്രംപ് വ്യക്തമാക്കിയില്ല. അമേരിക്ക സന്ദർശിക്കാൻ പുടിനെ ട്രംപും റഷ്യ സന്ദർശിക്കാൻ ട്രംപിനെ പുടിനും ക്ഷണിച്ചതായും അറിയിപ്പിൽ പറയുന്നു.

പുടിൻ ട്രംപുമായി ചർച്ച നടത്തിയെന്നു ക്രെംലിൻ വക്താവ് ദിമിത്രി പെസ്കോവ് സ്ഥിരീകരിച്ചു. സഹകരണത്തിനായുള്ള ട്രംപിന്റെ നിർദേശം പുടിൻ അംഗീകരിച്ചു. ഫോൺ ചർച്ച ഒന്നര മണിക്കൂർ നീണ്ടെന്നും പെസ്കോവ് കൂട്ടിച്ചേർത്തു.

ദീർഘകാല സമാധാനം സംബന്ധിച്ച് ട്രംപുമായി ചർച്ച നടത്തിയെന്നു യുക്രെയ്ൻ പ്രസിഡൻറ് സെലൻസ്കി സ്ഥിരീകരിച്ചു. എന്നാൽ, യുക്രെയ്നെ ഒഴിവാക്കി ട്രംപും പുടിനും ഉണ്ടാക്കുന്ന സമാധാനധാരണ അംഗീകരിക്കില്ലെന്ന് അദ്ദേഹം വ്യക്തമാക്കി. ഇന്ന് ജർമനിയിലെ മ്യൂണിക്കിൽ നടക്കുന്ന സുരക്ഷാ ഉച്ചകോടിക്കിടെ അമേരിക്കൻ വൈസ് പ്രസിഡൻറ് ജെ.ഡി. വാൻസിനെ നേരിട്ടു കാണുന്നുണ്ടെന്നും സെലൻസ്കി അറിയിച്ചു.

ഇതിനു പിന്നാലെ, യുക്രെയ്ൻ ചർച്ചയിൽ തങ്ങളെ ഒഴിവാക്കരുതെന്ന് ബ്രിട്ടൻ, ഫ്രാൻസ്, ജർമനി തുടങ്ങി ഏഴ് യൂറോപ്യൻ രാജ്യങ്ങൾ ആവശ്യപ്പെട്ടു. യുക്രെയ്ന്റെ ഭാവി സംബന്ധിച്ച ചർച്ചകളിൽ യൂറോപ്പും ഉണ്ടാകണം. യുക്രെയ്ന് സുരക്ഷാ ഉറപ്പുകൾ നല്കണമെന്നും സംയുക്ത പ്രസ്താവനയിൽ ഇവർ നിർദേശിച്ചു.

ട്രംപിന്റെ സമാധാന നീക്കങ്ങളിൽ യുക്രെയ്ന്റെ ആവശ്യങ്ങൾ നിരാകരിക്കപ്പെടാനുള്ള സാധ്യത കൂടുതലാണെന്നു റിപ്പോർട്ടുകളിൽ പറയുന്നു.

യുക്രെയ്ന്റെ നാറ്റോ മോഹങ്ങൾ നടക്കില്ലെന്നു ട്രംപും പെൻറഗൺ മേധാവി പീറ്റ് ഹെഗ്സെത്തും കഴിഞ്ഞ ദിവസങ്ങളിൽ വ്യക്തമാക്കി. യുദ്ധത്തിനു മുന്പുള്ള യുക്രെയ്ൻ അതിർത്തി പുനഃസ്ഥാപിക്കപ്പെടില്ലെന്നും ട്രംപ് പറഞ്ഞു.

ട്രംപിന്റെ യുക്രെയ്ൻ സമാധാനനീക്കങ്ങളിൽ യൂറോപ്യൻ യൂണിയനും നാറ്റോയും ഉൾപ്പെടാത്തതിൽ എതിർപ്പ് പ്രകടമായി. യുദ്ധം അവസാനിപ്പിക്കാനുള്ള ചർച്ചകൾ തുടങ്ങാൻ താനും റഷ്യൻ പ്രസിഡൻറ് പുടിനും തീരുമാനിച്ചെന്നായിരുന്നു ട്രംപിന്റെ അറിയിപ്പ്.

എന്നാൽ, യുക്രെയ്നില്ലാതെ യുക്രെയ്ൻ വിഷയത്തിൽ ചർച്ചയുണ്ടാവില്ലെന്ന് ബ്രിട്ടീഷ് പ്രതിരോധമന്ത്രി ജോൺ ഹീലി പ്രതികരിച്ചു. യുക്രെയ്ന്റെ നാറ്റോ അംഗത്വം ഉപേക്ഷിക്കപ്പെട്ട വിഷയമല്ലെന്ന് സ്വീഡിഷ് പ്രതിരോധമന്ത്രി പാൽ ജോൺസൻ പറഞ്ഞു.

സമാധാനനീക്കങ്ങളെ സ്വാഗതം ചെയ്യുന്നെങ്കിലും ചർച്ച ആരംഭിക്കുന്നതിനു മുന്പേ പുടിനോട് ട്രംപ് അടിയറവ് പറഞ്ഞെന്ന് ജർമൻ പ്രതിരോധമന്ത്രി ബോറിസ് പിസ്റ്റോറിയസ് അഭിപ്രായപ്പെട്ടു.

റഷ്യ ഭാവിയിൽ കൂടുതൽ ഭൂമി പിടിച്ചെടുക്കില്ലെന്ന് ഉറപ്പുനല്കുന്ന സമാധാന ധാരണയാണു വേണ്ടെതെന്ന് നാറ്റോ മേധാവി മാർക്ക് റട്ടെ പറഞ്ഞു. ട്രംപിന്റെ നീക്കങ്ങൾ യുക്രെയ്ൻ സൈനികരെ വഞ്ചിക്കലല്ലെന്ന് യുഎസ് പ്രതിരോധ സെക്രട്ടറി പീറ്റ് ഹെഗ്സെത്ത് മറുപടി നല്കി.

# നിർമാതാക്കൾ തമ്മിലെ പ്രശ്നങ്ങൾ അവർതന്നെ പറഞ്ഞു തീർക്കട്ടെ: മന്ത്രി സജി ചെറിയാൻ

ആലപ്പുഴ: മത്സരമുള്ള മേഖലയാണ് സിനിമയെന്നും മത്സരിച്ച് നല്ല സിനിമകൾ ഇറങ്ങട്ടെയെന്നും സാംസ്കാരിക മന്ത്രി സജി ചെറിയാൻ. സിനിമയുടെ കഥ, ആസ്വാദന രീതി, സംവിധാനം, തിരക്കഥയുടെ മൂല്യം എന്നിവയാണ് ജനങ്ങൾ നോക്കുന്നതെന്നും മന്ത്രി പറഞ്ഞു.

പ്രധാനപ്പെട്ട നടീനടന്മാർ സിനിമയിൽ അഭിനയിക്കണമെങ്കിൽ അതിനൊരു മൂല്യമുണ്ട്. ആ പണം അവർക്ക് കൊടുക്കേണ്ടി വരും. അതിൽ തർക്കിച്ചിട്ട് കാര്യമില്ല. അവരുടെ സിനിമകളും പലതും പരാജയപ്പെട്ടിട്ടുണ്ട്. പക്ഷേ അവർക്കൊരു മൂല്യമുണ്ട്. അത് അനുസരിച്ച് അവർ അഭിനയിക്കാൻ വരുമ്പോൾ അവർക്ക് അതിനനുസരിച്ച് പണം നൽകേണ്ടതായി വരും. അതാണ് സിനിമ പരാജയപ്പെടാൻ കാരണമെന്ന് പറഞ്ഞാൽ പറ്റുമോ .

സാമ്പത്തികച്ചെലവ് കുറച്ച് നല്ല സിനിമയെടുത്താൽ സിനിമ പരാജയപ്പെടില്ല. ഒടിടി ഉണ്ടെങ്കിലും നേരിട്ട് സിനിമ കാണാൻ ആളുകൾ തിയറ്ററുകളിൽ എത്തുന്നില്ലേ . നല്ല അർഥവത്തായ സിനിമകൾ വരട്ടെ. അതിനുവേണ്ട സഹായങ്ങൾ നമ്മൾ ചെയ്തുകൊടുക്കും. അവർ തമ്മിലെ തർക്കം അവർ തന്നെ പറഞ്ഞു തീർക്കണം. ആരാണോ പ്രശ്നം സംബന്ധിച്ച് സർക്കാരിന് കത്ത് നൽകിയത് അവരുമായി ചർച്ച നടത്തും. ഇതൊക്കെ സിനിമയിൽ ഉള്ള കാര്യങ്ങളാണ്. വായ് മൂടി കെട്ടാനൊന്നും പറ്റില്ല.

ചർച്ചകൾ നടക്കണം. സിനിമാ- സീരിയൽ രംഗത്ത് സർക്കാരിന്റെ ഇടപെടൽ വരാൻ പോവുകയാണ്. അതുകൊണ്ടുതന്നെ ചർച്ചകൾ നടക്കട്ടെ. കോൺക്ലേവിൽ ഈ വിഷയങ്ങൾ എല്ലാം ചർച്ചയാവും, പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്യും- മന്ത്രി മാധ്യമങ്ങളോട് വ്യക്തമാക്കി.

# കേരളത്തിന്റെ റിയാലിറ്റി അറിയുന്നവർ ഇങ്ങനെ പറയില്ല: തരൂരിനെതിരെ കെ. സി. വേണുഗോപാൽ

ന്യൂഡൽഹി: സംസ്ഥാന സർക്കാരിനെ പുകഴ്ത്തി ലേഖനമെഴുതിയ ശശി തരൂർ എംപിക്കെതിരെ എഐസിസി ജനറൽ സെക്രട്ടറി കെ. സി. വേണുഗോപാൽ. കേരളത്തിന്റെ റിയാലിറ്റി അറിയുന്നവർ ഇങ്ങനെ പറയില്ലെന്ന് വേണുഗോപാൽ വിമർശിച്ചു.

ഏത് സാഹചര്യത്തിലാണ് പറഞ്ഞതെന്ന് അദ്ദേഹത്തോട് ചോദിച്ച് മനസിലാക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. നേരത്തെ സ്റ്റാർട്ട് അപ്പ് രംഗത്തെ വളർച്ചയും വ്യവസായ സൗഹൃദ റാങ്കിംഗിൽ കേരളം ഒന്നാമത് എത്തിയത് ചൂണ്ടിക്കാട്ടി തരൂർ ദിനപത്രത്തിൽ ലേഖനമെഴുതിയിരുന്നു. കൂടാതെ മോദിയുടെയും ട്രംപിന്റെയും പ്രസ്താവനകൾ ഏറെ പ്രതീക്ഷ നൽകുന്നതാണെന്നും വ്യാപാര മേഖലയിൽ സെപ്റ്റംബർ, ഒക്ടോബർ മാസത്തോടെ മാറ്റങ്ങളുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞിരുന്നു.

ഇതിനെതിരേ വിമർശനമുയർന്നെങ്കിലും നിലപാടിൽ ഉറച്ചു നിൽക്കുന്നതായി തരൂർ വ്യക്തമാക്കി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നല്ല കാര്യങ്ങൾ ചെയ്താൽ അംഗീകരിക്കണമെന്നും തന്റെ നിലപാടിൽ മാറ്റമില്ലെന്നും ശശി തരൂർ എംപി വ്യക്തമാക്കി.

# കീഴടക്കിയ പ്രദേശങ്ങൾ പരസ്പരം കൈമാറി യുദ്ധമവസാനിപ്പിക്കാം, പക്ഷേ ഒരു നിബന്ധന- സെലെൻസ്കി

കീവ്: യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ മധ്യസ്ഥതയിൽ റഷ്യയും യുക്രൈനും ചർച്ചയ്ക്ക് തയ്യാറായാൽ, ഇരുരാജ്യങ്ങളും പിടിച്ചെടുത്ത പ്രദേശങ്ങളുടെ പരസ്പര കൈമാറ്റം എന്ന നിർദേശം യുക്രൈൻ മുന്നോട്ട് വെക്കുമെന്ന് റിപ്പോർട്ട്. യുക്രൈനിലെ റഷ്യയുടെ കൈവശമുള്ള ഭൂപ്രദേശങ്ങൾക്ക് പകരം കുർസ്കിലെ യുക്രൈൻ അധിനിവേശ പ്രദേശം റഷ്യക്ക് നൽകുമെന്ന് യുക്രെയ്ൻ പ്രസിഡന്റ് വൊളോഡിമിർ സെലെൻസ്കി പറഞ്ഞു. ഗാർഡിയന് നൽകിയ അഭിമുഖത്തിലാണ് സെലെൻസ്കി ഇക്കാര്യം വ്യക്തമാക്കിയത്. കുർസ്ക് മേഖല റഷ്യയ്ക്ക് നൽകുമെന്ന് അദ്ദേഹം പറഞ്ഞു. പകരം റഷ്യയുടെ അധീനതയിലുള്ള ഏതെല്ലാം പ്രദേശങ്ങളാണ് തിരികെ ചോദിക്കുക എന്ന ചോദ്യത്തിന്, തങ്ങളുടെ എല്ലാ ഭൂപ്രദേശങ്ങളും പ്രധാനപ്പെട്ടതാണെന്നും അതിൽ മുൻഗണനകളില്ലെന്നുമായിരുന്നു സെലൻസ്കിയുടെ മറുപടി. 2014 ലാണ് റഷ്യ യുക്രൈനിൽ നിന്ന് ക്രിമിയ പിടിച്ചെടുത്തത്. പിന്നീട് 2022 ൽ ഡോണെസ്ക്, ഖെർസൺ, ലുഹൻസ്ക്, സപ്പോറിഷ്യ എന്നിവിടങ്ങളും പിടിച്ചെടുത്തു. എങ്കിലും ഈ പ്രദേശങ്ങൾക്ക് മേൽ റഷ്യയ്ക്ക് പൂർണ നിയന്ത്രണമില്ല.

മൂന്ന് വർഷക്കാലമായി തുടരുന്ന യുക്രൈനിലെ യുദ്ധം താൻ അവസാനിപ്പിക്കുമെന്ന് ഡൊണാൾഡ് ട്രംപ് അടുത്തിടെ പ്രഖ്യാപിച്ചിരുന്നു. പുടിനുമായുള്ള സംഭാഷണത്തിൽ പുരോഗതിയുണ്ടായിട്ടുണ്ടെന്നും അദ്ദേഹം അവകാശപ്പെടുന്നു. എങ്കിലും യുദ്ധമവസാനിപ്പിക്കാൻ ഇരുരാജ്യങ്ങളും വിട്ടുവീഴ്ചകൾ ചെയ്യേണ്ടിവരുമെന്ന് തന്നെയാണ് യുഎസിന്റെ നിരീക്ഷണം.

അതേസമയം, യുദ്ധം അവസാനിപ്പിക്കാൻ യുഎസിന്റെ മധ്യസ്ഥതയിൽ റഷ്യയും യുക്രൈനും തമ്മിൽ കരാറുണ്ടാക്കുന്നുണ്ടെങ്കിൽ കർശനമായ സുരക്ഷാ ഗ്യാരന്റിയും വേണമെന്ന നിലപാടാണ് സെലൻസ്കിയ്ക്ക്. നാറ്റോ അംഗത്വം, സമാധാന സേനയുടെ വിന്യാസം ഉൾപ്പെടെയുള്ള സൈനിക ഉടമ്പടികൾ അടങ്ങുന്ന വ്യവസ്ഥകൾ കരാറിലുണ്ടാകണമെന്നാണ് യുക്രൈൻ നിലപാട്. അല്ലാത്തപക്ഷം റഷ്യ സൈന്യത്തെ പുനഃസംഘടിപ്പിക്കുമെന്നും വീണ്ടും ആക്രമണം നടത്തിയേക്കുമെന്നുമാണ് യുക്രൈന്റെ ആശങ്ക.

# പരീക്ഷാഫലം

സാങ്കേതിക പരീക്ഷാ കൺട്രോളർ നടത്തിയ നവംബർ 2024 (റിവിഷൻ 2015, 2019ജ & 2021) ഡിപ്ലോമ പരീക്ഷാഫലം www.beta.sbte.kerala.gov.in ൽ പ്രസിദ്ധീകരിച്ചു.

# ചെന്താമരയെ പേടി; നെന്മാറ ഇരട്ടക്കൊലക്കേസിൽ മൊഴി മാറ്റി നാല് നിർണായക സാക്ഷികൾ

പാലക്കാട്: നെന്മാറ പോത്തുണ്ടി ഇരട്ടക്കൊലക്കേസിൽ മൊഴി മാറ്റി നിർണായക സാക്ഷികൾ. നാലുപേരാണ് മൊഴി മാറ്റിയത്. കൊലപാതകത്തിനു ശേഷം ചെന്താമര കൊടുവാളുമായി നിൽക്കുന്നത് കണ്ടെന്ന് മൊഴി നൽകിയ വീട്ടമ്മ താൻ ഒന്നും കണ്ടിട്ടില്ലെന്ന് പോലീസിന് മൊഴി നൽകി. ചെന്താമര സുധാകരനെ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിയെന്ന് ആദ്യം മൊഴി നല്കിയ നാട്ടുകാരനും അറിയില്ലെന്ന് പറഞ്ഞ് മൊഴി മാറ്റി. കൊലപാതകം നടന്ന ദിവസം ചെന്താമര വീട്ടിൽ ഉണ്ടായിരുന്നുവെന്ന് ആദ്യം പറഞ്ഞ രണ്ടു പേരും കൂറുമാറി. ചെന്താമരയെ പേടിച്ചാണ് മൊഴി മാറ്റിയതെന്നാണ് അന്വേഷണസംഘത്തിന്റെ നിഗമനം.

എന്നാൽ ചെന്താമര കൊല്ലാൻ തീരുമാനിച്ചിരുന്ന അയൽവാസിയായ പുഷ്പ മൊഴിയിൽ ഉറച്ചു നിൽക്കുകയാണ്. കൊലയ്ക്ക് ശേഷം ചെന്താമര ആയുധവുമായി നിൽക്കുന്നത് കണ്ടെന്ന കാര്യം പുഷ്പ പോലീസിനോട് ആവർത്തിച്ചു. തന്റെ കുടുംബം തകരാൻ പ്രധാന കാരണക്കാരിലൊരാൾ പുഷ്പയാണെന്നും അവരെ വകവരുത്താൻ പറ്റാത്തതിൽ നിരാശയുണ്ടെന്നും ചെന്താമര മൊഴി നൽകിയിരുന്നു.

അതേസമയം, മൊഴിമാറ്റിയത് അന്വേഷണത്തെ ബാധിക്കില്ലെന്നാണ് ഉദ്യോഗസ്ഥർ പറയുന്നത്. ഭാവിയിൽ മൊഴി മാറ്റാനുള്ള സാധ്യത കണക്കിലെടുത്ത് എട്ടുപേരുടെ രഹസ്യമൊഴി രേഖപ്പെടുത്തും.

# അനധികൃത കുടിയേറ്റക്കാർക്കെതിരേ നിലപാട് കടുപ്പിച്ച് ഇന്ത്യ; പുതിയ ബിൽ തയ്യാർ

ന്യൂഡൽഹി: അനധികൃത കുടിയേറ്റക്കാർക്ക് എതിരേ നിലപാട് കടുപ്പിച്ച് ഇന്ത്യ.

മതിയായ രേഖകളില്ലാതെ രാജ്യത്ത് തുടരുന്നവർക്ക് കർശന ശിക്ഷയും പിഴയും വ്യവസ്ഥ ചെയ്യുന്ന ഇമിഗ്രേഷൻ ആൻഡ് ഫോറിനേഴ്സ് ബിൽ 2025 ലോക്സഭയിൽ ഈ സമ്മേളന കാലത്ത് അവതരിപ്പിക്കും. ഫോറിനേഴ്സ് ആക്ട് 1946,പാസ്പോർട്ട് ആക്ട് 1920, രജിസ്ട്രേഷൻ ഓഫ് ഫോറിനേഴ്സ് ആക്ട് 1939,ഇമിഗ്രേഷൻ ആക്ട് 2000 എന്നിവയ്ക്ക് പകരമായാണ് പുതിയ ബിൽ ഒരുങ്ങുന്നത്.

പുതിയ ബിൽ പ്രകാരം പാസ്പോർട്ടോ വിസയോ കൂടാതെ ഇന്ത്യയിൽ പ്രവേശിക്കുന്ന വിദേശികൾക്ക് അഞ്ചുവർഷം വരെ തടവും അഞ്ചു ലക്ഷം രൂപ വരെ പിഴയും പുതിയ ബിൽ വ്യവസ്ഥ ചെയ്യുന്നു.

വ്യാജ പാസ്പോർട്ടിന് ശിക്ഷാപരിധി രണ്ടുവർഷത്തിൽ നിന്ന് ഏഴ് വർഷമാക്കി ഉയർത്തിയേക്കും. ഒന്നു മുതൽ പത്തുലക്ഷം രൂപ വരെയായിരിക്കും ഇവർക്ക് ലഭിക്കുന്ന പിഴ. നിലവിൽ ഇന്ത്യയിൽ വ്യാജ പാസ്പോർട്ടുമായി പ്രവേശിച്ചാൽ 50, 000 രൂപ പിഴയും എട്ടുവർഷം വരെ തടവുമാണ് ലഭിക്കുന്ന ഏറ്റവും ഉയർന്ന ശിക്ഷ.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർവകലാശാലകളിലും പഠിക്കാനെത്തുന്ന വിദേശ വിദ്യാർത്ഥികളുടെ വിവരങ്ങൾ രജിസ്ട്രേഷൻ ഓഫീസറുമായി പങ്കുവെയ്ക്കണമെന്നും പുതിയ ബിൽ നിഷ്കർഷിക്കുന്നു. വിദേശികൾക്ക് താമസമൊരുക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും ഇത് ബാധകമാണ്. വിസ കാലാവധി കഴിഞ്ഞ് തുടരുകയാണെങ്കിലോ വിസ മാർഗനിർദേശങ്ങൾ ലംഘിക്കുകയാണെങ്കിലോ മൂന്ന് വർഷം വരെ തടവും മൂന്ന് ലക്ഷം രൂപ വരെ പിഴയോ ലഭിക്കാം.

മതിയായ രേഖകളില്ലാതെ വിദേശികളെ സഞ്ചാരത്തിന് സഹായിക്കുന്ന കരിയേഴ്സിന് അഞ്ചുലക്ഷം രൂപ വരെ പിഴ ലഭിക്കാം. പിഴ അടച്ചില്ലെങ്കിൽ വിദേശി സഞ്ചരിച്ച വാഹനം പിടിച്ചെടുക്കാനുള്ള അധികാരവും പുതിയ ബിൽ നൽകുന്നു.

# പ്രണയദിനത്തിൽ കൊടുംക്രൂരത; വിവാഹാഭ്യർഥന നിരസിച്ച പെൺകുട്ടിക്ക് നേരെ ആസിഡ് ആക്രമണം

അമരാവതി: പ്രണയാഭ്യർഥന നിരസിച്ചതിന്റെ പകയിൽ യുവതിക്ക് നേരെ ആസിഡ് ആക്രമണം. ആന്ധ്രാപ്രദേശിലെ പേരമ്പള്ളിയിലാണ് പ്രണയ ദിനത്തിൽ ക്രൂരത നടന്നത്.

ഗൗതമി(23)യാണ് ആക്രമണത്തിന് ഇരയായത്. സംഭവത്തിൽ പെൺകുട്ടിയെ സ്ഥിരമായി ശല്ല്യം ചെയ്തിരുന്ന ഗണേഷിനായി പോലീസ് അന്വേഷണം ആരംഭിച്ചു. പഠനം പൂർത്തിയാക്കിയ ശേഷം കാദിരി റോഡിൽ ബ്യൂട്ടിപാർലർ നടത്തുകയായിരുന്നു ഗൗതമി.

ഏപ്രിൽ 29ന് ശ്രീകാന്ത് എന്ന യുവാവുമായി ഗൗതമിയുടെ വിവാഹം ഉറപ്പിച്ചിരുന്നു. വിവാഹത്തിനായുള്ള തയാറെടുപ്പിലായിരുന്നു ഗൗതമി.

എന്നാൽ ഗൗതമിയുടെ വിവാഹം ഉറപ്പിച്ചത് അറിഞ്ഞിട്ടും ഗണേഷ് യുവതിയെ സ്ഥിരമായി ശല്യം ചെയ്തു. ഗൗതമിയെ ഗണേഷ് നിരന്തരം പിന്തുടർന്നു.

ഗണഷിന്റെ പ്രണയം ഗൗതമി ആദ്യമേ തന്നെ നിരസിച്ചിരുന്നു. ഇത് ഗണേഷിനെ പ്രകോപിപ്പിച്ചു. പ്രണയ ദിനത്തിലും ഗണേഷ് വീണ്ടും തന്റെ പ്രണയം ഗൗതമിയെ അറിയിച്ചു. എന്നാൽ വിവാഹനിശ്ചയം കഴിഞ്ഞ ഗൗതമി പ്രണയാഭ്യർഥന വീണ്ടും നിരസിച്ചു.

തുടർന്ന് ഗൗതമിയെ കൊല്ലാൻ പ്രതി വ്യക്തമായ പദ്ധതി തയാറാക്കി. ഇതനുസരിച്ച് ഗൗതമിയുടെ മാതാപിതാക്കൾ പാൽ വാങ്ങാൻ പോയ സമയം നോക്കി പ്രതി ഗൗതമിയുടെ വീട്ടിലെത്തി. ഗൗതമിയെ കണ്ടുടൻ തന്നെ കത്തി കൊണ്ട് കുത്തി വീഴ്ത്തുകയും ശേഷം കൈയിൽ കരുതിയിരുന്ന ആസിഡ് യുവതിയുടെ മുഖത്തൊഴിക്കുകയും ചെയ്തു. ഗുരുതര പരിക്കേറ്റ ഗൗതമി നിലവിൽ ചികിത്സയിലാണ്.

# മലിനീകരണ നിയന്ത്രണ ബോർഡ്: പുരസ്കാരത്തിന് അപേക്ഷ ക്ഷണിച്ചു

മലിനീകരണ നിയന്ത്രണ പ്രവർത്തനരംഗത്ത് മികച്ച പ്രകടനം കാഴ്ചവച്ച് തിരഞ്ഞെടുത്ത മേഖലകൾക്ക് കീഴിലുള്ള യൂണിറ്റുകൾക്ക് മലിനീകരണ നിയന്ത്രണ അവാർഡ് നൽകുന്നു. മലിനീകരണ നിയന്ത്രണം, പരിസ്ഥിതി സംരക്ഷണം, മിഷൻ ലൈഫ് ലക്ഷ്യങ്ങൾ നേടിയെടുക്കൽ എന്നീ മേഖലകളിൽ മികവ് പുലർത്താനുള്ള മനോഭാവം സ്ഥാപനങ്ങൾക്കിടയിൽ സൃഷ്ടിക്കുന്നതിനാണ് അവാർഡ്.

വ്യവസായശാലകൾ (വൻകിട, ഇടത്തരം, ചെറുകിടം) സ്റ്റോൺ ക്രഷർ, ഡയറി (പാൽ സംസ്കരണ യൂണിറ്റുകൾ), പ്രിന്റ് ആൻഡ് വിഷ്വൽ മീഡിയ, മറ്റു സ്ഥാപനങ്ങൾ (വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വാട്ടർ തീം പാർക്ക്, ആരാധനാലയങ്ങൾ), വേസ്റ്റ് മാനേജ്മെന്റ് ഫെസിലിറ്റീസ് (റീസൈക്ലിങ് യൂണിറ്റ്, റീട്രേഡിങ്, റീഫർബിഷിങ്, റെൻഡറിങ്) മേഖലകളിലാണ് ഈ വർഷത്തെ അവാർഡുകൾ നൽകുക. ലഭിക്കുന്ന അപേക്ഷകൾ സൂക്ഷ്മമായി അവലോകനം ചെയ്ത് ഷോർട്ട്ലിസ്റ്റ് ചെയ്ത യൂണിറ്റുകളിൽ പരിശോധന നടത്തി ഇതിനായി രൂപീകരിച്ച് സെലക്ഷൻ കമ്മിറ്റി അവാർഡ് ജേതാക്കളെ തിരഞ്ഞെടുക്കും. ട്രോഫിയും സർട്ടിഫിക്കറ്റും അടങ്ങുന്നതാണ് അവാർഡ്. 2025-ലെ ലോക പരിസ്ഥിതി ദിനത്തോട് അനുബന്ധിച്ചുള്ള ചടങ്ങിൽ അവാർഡ് വിതരണം ചെയ്യും. അവാർഡിനുള്ള അപേക്ഷാ ഫാമും വിശദവിവരങ്ങളും ബോർഡിന്റെ വെബ്സൈറ്റായ സുരെയ.സല്യമഹമ.ഴീ.ശി -ൽ ലഭ്യമാണ്.

# സഹപാഠിയെ വീട്ടിലെത്തിച്ച് പീഡിപ്പിച്ചു; പ്ലസ് ടു വിദ്യാർഥി അറസ്റ്റിൽ

ആലപ്പുഴ: സഹപാഠിയായ പതിനാറുകാരിയെ വീട്ടിലെത്തിച്ച് പീഡിപ്പിച്ച സംഭവത്തിൽ പ്ലസ് ടു വിദ്യാർഥി അറസ്റ്റിൽ. ആലപ്പുഴ എഎൻ പുരം സ്വദേശി ശ്രീശങ്കർ(18) ആണ് പിടിയിലായത്. ഇയാളുടെ അറസ്റ്റ് രേഖപ്പെടുത്തിയിട്ടുണ്ട്.

എഎൻ പുരത്താണ് സംഭവം. അസൈൻമെൻറ് എഴുതാൻ സഹായിക്കാമെന്ന് വാഗ്ദാനം ചെയ്താണ് പെൺകുട്ടിയെ ഇയാളുടെ വീട്ടിലെത്തിച്ചത്. പെൺകുട്ടി ഇയാളോടൊപ്പം വീട്ടിലേക്ക് കയറുന്നത് ശ്രദ്ധയിൽപ്പെട്ട നാട്ടുകാരാണ് പോലീസിൽ വിവരം അറിയിച്ചത്.

എയർ ഗൺ ചൂണ്ടി സഹൃത്തിനെ ഭീഷണിപ്പെടുത്തിയതിനും മർദ്ദിച്ചതിനും ഇയാൾക്കെതിരെ മാസങ്ങൾക്ക് മുന്പ് കേസെടുത്തിരുന്നു. അന്ന് പ്രായപൂർത്തിയാകാത്തതിനെ തുടർന്നു താക്കീത് നൽകി വിട്ടയയ്ക്കുകയായിരുന്നു.

വിളിക്കാനെന്ന വ്യാജേന മൊബൈൽ ഫോൺ കൈക്കലാക്കി കടന്നുകളഞ്ഞു; പ്രതി പിടിയിൽ

# നൈറ്റ് പട്രോളിംഗിനിടെ കൈക്കൂലി; വിജിലൻസ് പരിശോധനയിൽ എസ്ഐ അടക്കമുള്ളവർ പിടിയിൽ

കൊച്ചി: വിജിലൻസിന്റെ ഓപ്പറേഷൻ മിഡ്നൈറ്റിൽ' കുടുങ്ങി എസ്ഐ അടക്കമുള്ള പോലീസുകാർ. മണ്ണാർക്കാട് ഹൈവേ സ്ക്വാഡ് സംഘത്തിൽ നിന്ന് കണക്കിൽപ്പെടാത്ത 2850 രൂപയും പെരുമ്പാവൂരിലെ കൺട്രോൾ റൂം വാഹനത്തിലെ ഉദ്യോഗസ്ഥരിൽ നിന്ന് 2000 രൂപയും പിടികൂടി. പോലീസുകാർ കൈക്കൂലി വാങ്ങുന്നതായി വ്യാപക പരാതി ഉയർന്നതോടെയാണ് എറണാകുളം, തൃശൂർ, പാലക്കാട് ജില്ലകളിൽ വ്യാഴാഴ്ച രാത്രി വിജിലൻസ് റെയ്ഡ് നടത്തിയത്. രാത്രികാല പരിശോധന നടത്തുന്ന ഫ്ളൈയിംഗ് സ്ക്വാഡ്, കൺട്രോൾ റൂം വാഹനങ്ങൾ, എന്നിവ കേന്ദ്രീകരിച്ചായിരുന്നു പ്രധാനമായും പരിശോധന.മദ്യലഹരിയിലായിരുന്ന മൂവാറ്റുപുഴ ഫ്ലൈയിംഗ് സ്ക്വാഡിലെ പോലീസുകാരനും പിടിയിലായിട്ടുണ്ട്. ഒറ്റ ദിവസത്തെ പരിശോധനയിൽ എസ്ഐ ഉൾപ്പടെ ഒൻപത് പേർക്കെതിരെ നടപടി സ്വീകരിച്ചതെന്ന് വിജിലൻസ് സ്ക്വാഡ് അറിയിച്ചു. തുടർന്നുള്ള ദിവസങ്ങളിൽ കർശനമായ പരിശോധന തുടരും. പിടിയിലായ പോലീസുകാർക്കെതിരെ വകുപ്പുതല നടപടികൾ ഉണ്ടാകുമെന്നും ഉദ്യോഗസ്ഥർ അറിയിച്ചു.

# റേഷൻ വ്യാപാരികളുടെ കമ്മീഷൻ വിതരണം ചെയ്തു

റേഷൻ വ്യാപാരികളുടെ ജനുവരി മാസത്തെ കമ്മീഷൻ വിതരണം ചെയ്തതായി ഭക്ഷ്യവകുപ്പ് മന്ത്രി ജി.ആർ അനിൽ അറിയിച്ചു. ജനുവരി 27ന് റേഷൻ വ്യാപാരികൾ പ്രഖ്യാപിച്ച പണിമുടക്കുമായി ബന്ധപ്പെട്ട് മന്ത്രിയും റേഷൻ വ്യാപാരി സംഘടന നേതാക്കളും തമ്മിൽ നടത്തിയ ചർച്ചയിലെ പ്രധാന ആവശ്യമായിരുന്നു എല്ലാ മാസവും പതിനഞ്ചാം തീയതിക്ക് മുമ്പ് റേഷൻ വ്യാപാരി കമ്മീഷൻ നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നത്. ഭക്ഷ്യ വകുപ്പ് മന്ത്രി ഇക്കാര്യം ധനവകുപ്പ് മന്ത്രിയുമായി സംസാരിക്കുകയും വ്യാപാരികൾക്ക് നൽകിയ ഉറപ്പ് പാലിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തതായി അറിയിച്ചു. ജനുവരി മാസത്തെ റേഷൻ വിതരണം വാതിൽപ്പടി വിതരണക്കാരുടെ സമരം മൂലം വൈകുകയും ഫെബ്രുവരി 6 വരെ വിതരണം നീട്ടി നൽകുകയും ചെയ്തിരുന്നു. എന്നാൽ കാലതാമസമില്ലാതെ 15-ാം തീയതിക്കുമുമ്പ് തന്നെ വ്യാപാരികൾക്ക് കമ്മീഷൻ നൽകാൻ സർക്കാരിന് സാധിച്ചുവെന്നും മന്ത്രി കൂട്ടിച്ചേർത്തു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# വയനാട് പുനരധിവാസത്തിന് വായ്പ ബിജെപിയുടെ പ്രതികാര രാഷ്ട്രീയം: കെ. സുധാകരൻ എംപി

തിരുവനന്തപുരം: വയനാട് ദുരന്തബാധിതരുടെ പുനരധിവാസത്തിനായി തിരിച്ചടയ്ക്കൽ വ്യവസ്ഥയോടെ വായ്പ അനുവദിച്ച കേന്ദ്രസർക്കാർ നടപടി ബിജെപിയുടെ പ്രതികാര രാഷ്ട്രീയമാണെന്ന് കെപിസിസി പ്രസിഡന്റ് കെ. സുധാകരൻ എംപി. വായ്പ വിനിയോഗത്തിന് ഒന്നരമാസം കാലാവധി നിശ്ചയിച്ചത് അപ്രായോഗികവും വയനാട് പുനർനിർമ്മാണ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്നതുമാണ്.

കേരളം ഈ വായ്പ ഒരു കാരണവശാലം ഉപയോഗിക്കരുതെന്ന ലക്ഷ്യത്തോടെയാണ് ഇത്തരം നിബന്ധനകൾ ഏർപ്പെടുത്തിയിരിക്കുന്നത്. കേരള ജനതയെയും വയനാടിനെയും കേന്ദ്രസർക്കാർ മനഃപൂർവ്വം ദ്രോഹിക്കുകയാണ്. ബിജെപി ഇതര സംസ്ഥാനങ്ങളോട് രാഷ്ട്രീയ വിവേചനമാണ് മോഡി ഭരണകൂടം കാട്ടുന്നത്. കേരളം വയനാട് പുനരധിവാസത്തിന് പ്രത്യേക സാമ്പത്തിക പാക്കേജ് ആവശ്യപ്പെടുമ്പോൾ ഉപാധികളോടെ വായ്പ അനുവദിക്കുന്ന നടപടി കേട്ടുകേൾവിയില്ലാത്തത്.

കേരളം 2000 കോടി ആവശ്യപ്പെട്ടപ്പോൾ അതിന്റെ നാലിലൊന്നായ 529.50 കോടിരൂപയാണ് വായ്പയായി അനുവദിച്ചത്. ഇത് കേരള ജനതയോടുള്ള പരിഹാസമാണ്. മനുഷ്യത്വ രഹിതമായ അവഗണന അവസാനിപ്പിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകണമെന്നും കെ. സുധാകരൻ പറഞ്ഞു. മോഡി സർക്കാർ ഭരണഘടനാപരമായ ഉത്തരവാദിത്തം നിറവേറ്റാതെ ഫെഡറൽ തത്വങ്ങൾ അട്ടിമറിക്കുകയാണ്. പ്രകൃതി ക്ഷോഭങ്ങളിൽ സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട അർഹമായ അവകാശം ചോദിക്കുമ്പോൾ അത് നിഷേധിക്കുന്ന സമീപനമാണ് കേരളത്തോട് കേന്ദ്ര സർക്കാർ കാട്ടുന്നത്. പിണറായി സർക്കാരിന്റെ ഭരണത്തിൽ നിത്യനിദാന ചെലവുകൾക്ക് പോലും കാശില്ലാത്ത ധനപ്രതിസന്ധിയാണ് സംസ്ഥാനത്ത്. അപ്പോഴാണ് ഇത്രയും ഭീമമായ തുക സംസ്ഥാനം കണ്ടെത്തി വിനിയോഗിക്കണമെന്ന് കേന്ദ്രം ആവശ്യപ്പെട്ടിരിക്കുന്നത്. ഇത് വയനാട് പുനരധിവാസ പ്രവർത്തനങ്ങളെ അട്ടിമറിക്കുന്നതാണെന്നും ഇതിനെതിരെ കോൺഗ്രസ് ശക്തമായ പ്രതിഷേധം സംഘടിപ്പിക്കുമെന്നും കെ. സുധാകരൻ പറഞ്ഞു. എല്ലാം നഷ്ടപ്പെട്ട് ശൂന്യതയിൽ നിൽക്കുന്ന വയനാട്ടിലെ പാവപ്പെട്ട ജനതയുടെ പുനരധിവാസം നടപ്പാക്കാൻ വായ്പയായി തുക അനുവദിച്ച കേന്ദ്രസർക്കാരിന്റെ നടപടി ക്രൂരവും മാന്യതയില്ലാത്തതുമാണ്. വായ്പയെടുക്കാനായിരുന്നെങ്കിൽ കേരളത്തിന് ഇവിടെ നിന്ന് ആകാമായിരുന്നല്ലോ വയനാടിലെ ദുരിതബാധിതരുടെ പുനരധിവാസത്തിന് വേണ്ടി ആവശ്യത്തിന് പണം ഗ്രാന്റായി നൽകാതെ വായ്പ അനുവദിച്ച കേന്ദ്ര സർക്കാരിന്റെ നടപടിക്കെതിരെയും ആവശ്യമെങ്കിൽ സംസ്ഥാന സർക്കാരുമായി യോജിച്ച സമരത്തിന് തയ്യാറാണെന്നും കെ. സുധാകരൻ വ്യക്തമാക്കി.

# യുവാക്കൾക്കു മയക്കുമരുന്നു വിൽപന: രണ്ടുപേർ പിടിയിൽ

പോത്തൻകോട്: ആറ്റിങ്ങൽ, മംഗലപുരം, കടയ്ക്കാവൂർ എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് കോളജ് വിദ്യാർഥികൾക്കും യുവാക്കൾക്കും മയക്കുമരുന്നു വിൽപന നടത്തി വരുന്ന സംഘത്തിലെ രണ്ട് പ്രതികളെ ആറ്റിങ്ങൽ പോലീസ് അറസ്റ്റ് ചെയ്തു.

മംഗലപുരത്തുള്ള സ്വകാര്യ കോളജ്, ടെക്നോസിറ്റി, ആറ്റിങ്ങൽ, നഗരൂർ എന്നിവിടങ്ങളിലെ കോളജുകളിൽ രണ്ടു വർഷത്തിലേറെയായി ലഹരി വിൽപന നടത്തി വരുന്ന സംഘത്തിലെ പ്രതികളെയാണ് പോലീസ് അറസ്റ്റ് ചെയ്തത്.ആറ്റിങ്ങൽ കരിച്ചിയിൽ സ്വദേശിയായ തോന്നയ്ക്കലിലെ സ്വകാര്യ കോളജ് വിദ്യാർഥിയായ യുവാവ് ലഹരി വാങ്ങി ഉപയോഗിക്കുന്നതായി യുവാവിന്റെ വീട്ടുകാർ ആറ്റിങ്ങൽ പോലീസിൽ പരാതി നൽകിയതിന്റെ അടിസ്ഥാനത്തിലായിരുന്നു അറസ്റ്റ്. പ്രതികളെക്കുറിച്ച് ഒരാഴ്ചയായി നടത്തിയ അന്വേഷണത്തിൽ രണ്ടുഗ്രാം എംഡിഎംഎയും 20 ഗ്രാം കഞ്ചാവുമായി മംഗലപുരം തോന്നയ്ക്കൽ ഫൈസൽ മൻസിലിൽ നൗഫൽ (25), ബാംഗ്ലൂരിൽനിന്നും എംഡിഎംഎ എത്തിച്ചു നൽകുന്ന തിരുവനന്തപുരം അണ്ടൂർകോണം കീഴാവൂർ എം. ആർ. മൻസിലിൽ മുഹമ്മദ് മുഹ്സിൻ (23) എന്നിവരെയാണ് ആറ്റിങ്ങൽ പോലീസ് പിടികൂടിയത്. പ്രതികൾ രഹസ്യമായി ടെലഗ്രാമിലും ഇൻസ്റ്റഗ്രാമിലും ഗ്രൂപ്പുകളുണ്ടാക്കി ആവശ്യപ്രകാരം യുവാക്കൾക്ക് മയക്കുമരുന്ന് എത്തിച്ചു നൽകിയിരുന്നു.

അറസ്റ്റ് ചെയ്ത നൗഫലിനു പേട്ട പോലീസ് സ്റ്റേഷനിൽ 2020 ൽ കൊല്ലം സ്വദേശികളെ കൊലപ്പെടുത്താൻ ശ്രമിച്ച കേസിലും, 2022 ൽ മംഗലപുരം പോലീസ് സ്റ്റേഷനിൽ ആറു വാളുകൾ കൈവശം വച്ചതിന് ആയുധ നിയമപ്രകാരം ഒരു കേസും നിലവിലുണ്ട്. അറസ്റ്റ് ചെയ്ത പ്രതികളെ കോടതിയിൽ ഹാജരാക്കി. പ്രതികളുടെ കൈയിൽ നിന്നും ലഭിച്ച ഫോണുകളിൽനിന്നും വടക്കേ ഇന്ത്യയിലെ വിവിധ സ്ഥലങ്ങളിൽ യുവതികളുമായി വിനോദ സഞ്ചാരത്തിനു പോയി മയക്ക് മരുന്ന് ഉപയോഗിക്കുന്നതിന്റെ വീഡിയോ ദൃശ്യങ്ങളും ലഭിച്ചിട്ടുണ്ട്.

തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവി കെ. എസ്. സുദർശനു ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ ആറ്റിങ്ങൽ ഡിവൈഎസ്പി എസ്. മഞ്ജുലാൽ, ആറ്റിങ്ങൽ ഇൻസ്പെക്ടർ എസ്എച്ച്ഒ ജി. ഗോപകുമാർ, എസ്ഐമാരായ എം. എസ്. ജിഷ്ണു, ബിജു എ. ഹക്ക്, എഎസ്ഐ രാധാകൃഷ്ണൻ, ഉണ്ണിരാജ്, എസ്സിപിഒമാരായ ഷംനാദ്, പ്രശാന്തകുമാരൻ നായർ, നിധിൻ എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്.

# വയനാടിന് പ്രത്യേക സാമ്പത്തിക പാക്കേജ് പ്രഖ്യാപിക്കാത്തത് അനീതി: പ്രതിപക്ഷ നേതാവ്

പെരിന്തൽമണ്ണ: കേന്ദ്ര സർക്കാരിന്റെ ഔദാര്യമല്ല കേരളത്തിനു വേണ്ടത്. വയനാട്ടിൽ ഉണ്ടായത് തീവ്ര ദുരന്തമാണെന്ന് കേന്ദ്രം അംഗീകരിച്ചതാണ്. പ്രത്യേക സാമ്പത്തിക പാക്കേജ് പ്രകാരം 2000 കോടി രൂപയാണ് കേരളം ആവശ്യപ്പെട്ടത്. അത് തരാതെ 590 കോടി രൂപ കടമായി തരുന്നത് കേരളത്തെ അപമാനിക്കുന്നതിനും പരിഹസിക്കുന്നതിനും തുല്യമാണ്. കേരളത്തോടുള്ള പൂർണമായ അവഗണനയാണിത്. ഈ പണം 50 വർഷം കഴിഞ്ഞ് അടയ്ക്കേണ്ടെന്നു പറയാൻ കെ. സുരേന്ദ്രൻ ആരാണ് അങ്ങനെ പറയാൻ സുരേന്ദ്രന് എന്ത് അവകാശമാണുള്ളത് സംസ്ഥാനത്തിന് ദുരന്തം ഉണ്ടാകുമ്പോൾ കേന്ദ്ര സർക്കാർ സഹായിക്കണം. അല്ലാതെ കേന്ദ്രത്തിന്റെ ഔദാര്യമില്ല. ഹിമാചൽ പ്രദേശും ഉത്തർ പ്രദേശും ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളെ കേന്ദ്ര സർക്കാർ സഹായിച്ചിട്ടുണ്ട്. ആ സഹായം കേരളത്തിന് തരില്ലെന്നു പറയുന്നത് എന്ത് നീതിയാണ് പാവപ്പെട്ട മനുഷ്യരുടെ കാലിന് അടിയിലെ മണ്ണ് ഒലിച്ചു പോയിട്ടും പണം 50 കൊല്ലത്തിനകം തിരിച്ചടയ്ക്കണമെന്നാണ് പറയുന്നത്. ഒന്നരമാസം പോലും ബാക്കിയില്ലാത്ത സമയത്താണ് മാർച്ച് 31 നകം പണം ചെലവഴിക്കണമെന്ന് പറയുന്നത്. കേന്ദ്രം സംസ്ഥാനത്തോട് കാട്ടേണ്ട ഒരു മാന്യതയും കാണിക്കാതെ പൂർണമായ അവഗണനയും പരിഹാസവുമാണിത്. അതിനെതിരെ ശക്തമായ നിലപാട് പ്രതിപക്ഷം സ്വീകരിക്കുമെന്ന് പ്രതിപക്ഷ നേതാവ് പെരിന്തൽമണ്ണയിൽ മാധ്യമങ്ങളോട് പറഞ്ഞു. പകുതി വില തട്ടിപ്പിൽ നല്ല പദ്ധതിയാണെന്നു കരുതി ചേർന്നവരും തട്ടിപ്പ് നടത്താൻ ഉദ്ദേശിച്ച് ചേർന്നവരുമുണ്ട്. നിരപരാധികളായ ഒരുപാട് പേർ ഇതിൽ കുടുങ്ങിപ്പോയിട്ടുണ്ട്. ജസ്റ്റിസ് സി. എൻ രാമചന്ദ്രൻ നായരെ പോലുള്ള ഒരാളെ സർക്കാർ ഒരിക്കലും പ്രതിയാക്കാൻ പാടില്ലായിരുന്നു. അദ്ദേഹം തട്ടിപ്പുകാരനാണോ എല്ലാവരും ബഹുമാനിക്കുന്ന റിട്ടയേർഡ് ഹൈക്കോടതി ജഡ്ജിയാണ് അദ്ദേഹം. എത്ര ലാഘവത്വത്തോടയാണ് അദ്ദേഹത്തിനെതിരെ കേസെടുത്തത്. അദ്ദേഹം എന്തെങ്കിലും തട്ടിപ്പ് നടത്തിയോ അത് ശരിയല്ല. മന്ത്രി കൃഷ്ണൻ കുട്ടിയുടെ പി. എ സർക്കാർ പദ്ധതിയാണെന്ന് പറഞ്ഞ് തട്ടിപ്പിന് കൂട്ട് നിന്നിട്ടുണ്ടെങ്കിൽ അത് പരിശോധിക്കണം. നിരപരാധികളെയല്ല, യഥാർത്ഥ പ്രതികളെയാണ് അറസ്റ്റ് ചെയ്ത് നിയമനത്തിന് മുന്നിൽ കൊണ്ടു വരേണ്ടത്. ഇത്തരം തട്ടിപ്പുകൾ കേരളത്തിൽ ആവർത്തിക്കപ്പെടുകയാണ്. നിരവധി പേരാണ് ഇരകളായി മാറുന്നത്. അതുകൊണ്ട് ഇത്തരം സംരംഭങ്ങൾ തുടങ്ങുമ്പോൾ തന്നെ സർക്കാരും ബന്ധപ്പെട്ട ഏജൻസികളും ശ്രദ്ധിക്കണം.

കേരളം മികച്ച വ്യവസായ അന്തരീക്ഷമുള്ള സംസ്ഥാനമല്ല. മെച്ചപ്പെടണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ശശി തരൂർ എന്ത് കണക്കുകളുടെ അടിസ്ഥാനത്തിലാണ് ലേഖനം എഴുതിയതെന്ന് അറിയില്ല. കേരളത്തിൽ മൂന്നര വർഷം കൊണ്ട് മൂന്നു ലക്ഷം സംരംഭങ്ങൾ ഉണ്ടായെന്നാണ് വ്യവസായ മന്ത്രി പറഞ്ഞത്. അങ്ങനെയെങ്കിൽ ഒരു നിയോജക മണ്ഡലത്തിൽ 2000 സംരംഭങ്ങളെങ്കിലും തുടങ്ങണം. ഗൾഫിൽ നിന്ന് തിരിച്ച് വരുന്നവർ തുടങ്ങിയ ബേക്കറിയും പെട്ടിക്കടകളുമൊക്കെ സംരംഭങ്ങളായി കൂട്ടരുത്. മൂന്ന് ലക്ഷം സംരംഭങ്ങൾ തുടങ്ങിയെന്ന അവകാശവാദത്തോട് യോജിപ്പില്ല. ശശി തരൂർ അങ്ങനെ പറയാനുണ്ടായ സാഹചര്യം പാർട്ടി പരിശോധിക്കും. മോഡിയുടെ അമേരിക്കൻ സന്ദർശനം വിജയമാണെന്ന് വിലയിരുത്താനാകില്ല. ഇന്ത്യയുടെ ഒരു ആവശ്യങ്ങളും പരിഗണിച്ചില്ല. ഇന്ത്യയോടുള്ളട്രംപിന്റെ നിലപാടിൽ ചെറിയ മാറ്റം പോലും വരുത്താൻ മോഡിയുടെ സന്ദർശനത്തിന് സാധിച്ചിട്ടില്ല. സാമ്പത്തിക സഹകരണത്തിലും കയറ്റുമതി ഇറക്കുമതി രംഗങ്ങളിലുമുള്ള കടുത്ത നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. ഇതിലൊന്നും മാറ്റമുണ്ടാക്കാൻ മോഡിയുടെ സന്ദർശനത്തിന് കഴിഞ്ഞിട്ടില്ല.

# ഓയിൽപാം തീ പിടിത്തം: 50 ലക്ഷം രൂപയുടെ നഷ്ടം; പോലീസ് അന്വേഷണം ഊർജിതമാക്കി

4 ഓയിൽപാം കണ്ടൻചിറ എസ്റ്റേറ്റിൽ കഴിഞ്ഞ ദിവസങ്ങളിൽ ഉണ്ടായ തീ പിടിത്തത്തിൽ കേസെടുത്ത പോലീസ് അന്വേഷണം ഊർജിതമാക്കി. ഓയിൽപാം കുളത്തൂപ്പുഴ ഡിവിഷൻ അസിസ്റ്റൻറ് മാനേജർ ബ്രിജിത് കുമാർ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ കുളത്തൂപ്പുഴ പോലീസാണ് എഫ്ഐആർ രജിസ്റ്റർ ചെയ്ത് അന്വേഷണം തുടങ്ങിയത്.

ആരെങ്കിലും തീയിട്ടതാണോ സ്വാഭാവികമായി തീ പിടിച്ചതാണോ എന്നതടക്കം എല്ലാ വശവും പരിശോധിക്കുമെന്ന് കുളത്തൂപ്പുഴ എസ്എച്ച്ഒ ബി. അനീഷ് പറഞ്ഞു.

നൂറ്റിയമ്പതേക്കറോളം സ്ഥലത്ത് തീപിടിച്ചതായാണ് ഓയിൽപാം സ്ഥിരീകരിച്ചത്. 50 ലക്ഷം രൂപയുടെ നഷ്ടമാണ് കണക്കാക്കിയത്. കൂടുതലും നശിച്ചത് എണ്ണപ്പന തൈകളാണ്. ചൊവ്വാഴ്ച ഉച്ചയോടെ പടർന്നു പിടിച്ച തീ ബുധനാഴ്ച ഏറെ വൈകിയാണ് ഏറെക്കുറെയെങ്കിലും നിയന്ത്രണ വിധേയമാക്കിയത്. ഇന്നലെയും സ്ഥലത്ത് ഫയർഫോഴ്സ് യൂണിറ്റുകൾ മുൻകരുതൽ നടപടികളുടെ ഭാഗമായി എത്തിയിരുന്നു. ഓയിൽ പാം ചെയർമാൻ, എംഡി ഉൾപ്പടെയുള്ള ഉന്നതർ കഴിഞ്ഞ ദിവസം സ്ഥലത്തെത്തിയിരുന്നു. ഓയിൽപാമും ആഭ്യന്തര അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

സംഭവത്തെകുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ ജില്ലാ കളക്ടർ നിർദേശിച്ചതനുസരിച്ച് പുനലൂർ ആർഡിഒ സ്ഥലത്ത് എത്തി പ്രാഥമിക പരിശോധന നടത്തി. സംഭവത്തിൽ ദുരൂഹതയുണ്ടെന്നും അന്വേഷണം നടത്തി കൃത്യമായ അന്വേഷണം വേണമെന്നും പ്രതിപക്ഷ യൂണിയനുകൾ ആവശ്യപ്പെട്ടിട്ടുണ്ട്.

കുളത്തുപ്പുഴ എസ്റ്റേറ്റിലുണ്ടായ വൻ തീപിടിത്തം മൂലമുണ്ടായ നഷ്ടത്തിന് മാനേജ്മെൻറിന്റെ അനാസ്ഥ പ്രധാന കാരണമാണെന്ന് ഓയിൽ പാം ഇന്ത്യ മുൻ ചെയർമാനും, ഐഎൻടിയുസി യൂണിയൻ പ്രസിഡൻറുമായ ഭാരതീപുരം ശശി ആരോപിച്ചു.

പ്ലാൻറിംഗിനു ശേഷം രണ്ട് വർഷമായി അടിക്കാട് വെട്ടാത്തതാണ് ഒന്നാം ഫീൽഡിലെ തൈ പനകൾ പൂർണമായി കത്തി നശിക്കാൻ ഇടയാക്കിയത്. വേനൽ കാലത്തിന് മുന്പായി എസ്റ്റേറ്റിനും വനാതിർത്തികൾക്കും ഇടയ്ക്ക് ഫയർ ലൈൻ തെളിക്കുകയും അടിക്കാടുകൾ വെട്ടുകയും, കരിയിലകൾ തീയിട്ട് തീ കയറാത്ത രീതിയിൽ സംരക്ഷണം ഏർപ്പെടുത്തുകയും പതിവാണ്.

എന്നാൽ ഇക്കുറി ഇതുവരെ ഇത്തരത്തിൽ ഒരു പ്രവർത്തനവും നടത്തിയിട്ടില്ലെന്ന് ഭാരതീപുരം ശശി പറഞ്ഞു. തീ പടർന്നു പിടിച്ച ഇടങ്ങളിൽ ഫയർഫോഴ്സ് യൂണിറ്റുകൾക്ക് എത്തിച്ചേരാനുള്ള വഴി സൗകര്യമില്ലായിരുന്നു. ശക്തമായ കാറ്റ് കാരണം കൂടുതൽ സ്ഥലങ്ങളിലേക്ക് തീ വ്യാപിക്കാൻ കാരണമായി.

# സംസ്ഥാനത്തെ ഗ്രന്ഥശാലകൾ ഹരിത പദവിലേക്ക്

ഹരിത പെരുമാറ്റച്ചട്ടം പാലിച്ചും മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിൽ പങ്കാളികളായും സംസ്ഥാനത്തെ ഗ്രന്ഥശാലകൾ ഹരിത ഗ്രന്ഥശാലകളായി മാറുന്നു. ഇതിനു മുന്നോടിയായി സംസ്ഥാന ലൈബ്രറി കൗൺസിലിനു കീഴിലുള്ള താലൂക്ക്-ജില്ല-സംസ്ഥാന തലങ്ങളിലെ ഗ്രന്ഥശാല പ്രതിനിധികളെ പങ്കെടുപ്പിച്ച് തൃശൂർ മുളങ്കുന്നത്തുകാവിലെ കില ആസ്ഥാനത്ത് ഏകദിന ശിൽപശാല സംഘടിപ്പിച്ചു.

ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർമാർ, ശുചിത്വ മിഷൻ ജില്ല അസിസ്റ്റന്റ് കോർഡിനേറ്റർമാർ തുടങ്ങിയവർ ഉൾപ്പെടെ 110 പേർ ശിൽപശാലയിൽ പങ്കെടുത്തു. ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ ഗ്രന്ഥശാല സംഘവും കിലയും സംയുക്തമായി സംഘടിപ്പിച്ച ശിൽപശാല ലൈബ്രറി കൗൺസിൽ സംസ്ഥാന സെക്രട്ടറി വി. കെ. മധു ഉദ്ഘാടനം ചെയ്തു.

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിൽ ഗ്രന്ഥശാലകൾക്ക് സുപ്രധാന പങ്കുവഹിക്കാനാകുമെന്നും വിജ്ഞാന കേന്ദ്രങ്ങളെന്ന പോലെ ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ കേന്ദ്രങ്ങളായി ഗ്രന്ഥശാലകൾ മാറണമെന്നും വി. കെ. മധു പറഞ്ഞു. നവകേരളം കർമപദ്ധതി സംസ്ഥാന അസി. കോർഡിനേറ്റർ ടി. പി. സുധാകരൻ ചടങ്ങിൽ അധ്യക്ഷനായി. വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി ഹരിതകേരളം മിഷൻ പ്രോജക്ട് ഓഫീസർമാരായ പി. അജയകുമാർ, വി. രാജേന്ദ്രൻ നായർ, യംഗ് പ്രൊഫഷണൽ സൂര്യ എസ്. ബി. എന്നിവർ ശിൽപശാല സെഷനുകളിൽ അവതരണങ്ങൾ നടത്തി.

ഹരിത ഗ്രന്ഥശാലയുടെ പ്രവർത്തനങ്ങളിൽ ഹരിത പ്രോട്ടോക്കോൾ നടപ്പാക്കൽ, പ്രാദേശികമായി നടത്താൻ കഴിയുന്ന പ്രവർത്തനങ്ങൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ, ഗ്രന്ഥശാലയ്ക്കടുത്തുള്ള പൊതു ഇടങ്ങളുടെ സൗന്ദര്യവൽക്കരണം, ഗ്രന്ഥശാലാ പ്രവർത്തകരുടെ വീടുകൾ ഹരിത മാതൃകയാക്കൽ തുടങ്ങിയവ മുൻനിർത്തിയാണ് ഹരിത ഗ്രന്ഥശാലാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. പ്രവർത്തനങ്ങൾ പൂർണ്ണമായും നടപ്പാക്കുന്ന ഗ്രന്ഥശാലകളെ ഹരിതകേരളം മിഷന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ വിലയിരുത്തി ഹരിത ഗ്രന്ഥശാല സാക്ഷ്യപത്രം നൽകും. ഇതിന്റെ ഭാഗമായി ഫെബ്രുവരി മൂന്നാം വാരത്തിൽ ജില്ലാതല പരിശീലനവും മാർച്ച് മാസം താലൂക്ക്-ഗ്രന്ഥശാല ശിൽപശാലയും സംഘടിപ്പിക്കും. ഗ്രന്ഥശാലകൾ സംഘടിപ്പിക്കുന്ന ക്ലാസുകൾക്ക് പുറമേ വീട്ടുമുറ്റ ക്ലാസുകളും നടത്തും.

കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, സന്നദ്ധ സംഘടനകൾ എന്നിവയുമായി സഹകരിച്ച് ക്ലാസുകൾ വ്യാപിപ്പിക്കും. 2025 മാർച്ച് 30-നകം സംസ്ഥാനത്തെ എല്ലാ ഗ്രന്ഥശാലകളെയും ഹരിത ഗ്രന്ഥശാല പദവിയിലെത്തിക്കാൻ ലക്ഷ്യമിട്ടാണ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളത്.

# ഓക്സിലറി ഗ്രൂപ്പ് വിപുലീകരണവും ശാക്തീകരണവും: 'ഓക്സെല്ലോ' സംസ്ഥാനതല ക്യാമ്പയിനുമായി കുടുംബശ്രീ

തിരുവനന്തപുരം: ഓക്സിലറി ഗ്രൂപ്പ് വിപുലീകരണവും ശാക്തീകരണവും ലക്ഷ്യമിട്ട് കുടുംബശ്രീ മുഖേന സംഘടിപ്പിക്കുന്ന 'ഓക്സെല്ലോ' സംസ്ഥാന തല ക്യാമ്പയിന് ഈ മാസം തുടക്കമാകും.

അയൽക്കൂട്ട അംഗമല്ലാത്ത 18നും 40നും ഇടയിൽ പ്രായമുള്ള മുഴുവൻ യുവതികളെയും ഉൾപ്പെടുത്തി അയൽക്കൂട്ടതലത്തിൽ ഓക്സിലറി ഗ്രൂപ്പുകൾ രൂപീകരിക്കുകയും ഒപ്പം നിലവിൽ പ്രവർത്തിച്ചു വരുന്നവയെ പുന:സംഘടിപ്പിക്കുകയുമാണ് ലക്ഷ്യം. വാർഡ് തലത്തിലും പഞ്ചായത്ത്തലത്തിലും ഓക്സിലറി ഗ്രൂപ്പുകളുടെ കൺസോർഷ്യങ്ങളും രൂപീകരിക്കും. കൂടാതെ ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾക്ക് കുടുംബശ്രീ മുഖേന നൂതന ബിസിനസ് സംരംഭങ്ങൾ ആരംഭിക്കുന്നതിനും അതിലൂടെ വരുമാനം ലഭ്യമാക്കുന്നതിനും ക്യാമ്പയിൻ ലക്ഷ്യമിടുന്നു.

ക്യാമ്പയിൻറെ ഭാഗമായി ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ വിപുലമായ പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. ഇതിൻറെ ഭാഗമായി ഈ മാസം ഓരോ ജില്ലയിലും ഒരു ബ്ളോക്ക് വീതം തിരഞ്ഞെടുത്ത് അയൽക്കൂട്ടങ്ങളിൽ അംഗങ്ങളല്ലാത്ത യുവതികളെ കണ്ടെത്തി ഓക്സിലറി ഗ്രൂപ്പ് രൂപീകരണത്തിന് തുടക്കമിടും.

ഒരു കുടുംബത്തിലെ തന്നെ 18നും 40നും ഇടയിൽ പ്രായമുള്ള ഒന്നിലധികം യുവതികൾക്ക് ഓക്സിലറി ഗ്രൂപ്പിൽ അംഗത്വമെടുക്കാനാകും. സി.ഡി.എസുകളിൽ നിന്നാണ് അഫിലിയേഷൻ എടുക്കേണ്ടത്.

ഓക്സിലറി ഗ്രൂപ്പ് രൂപീകരണത്തോടൊപ്പം അംഗങ്ങൾക്ക് മികച്ച തൊഴിലവസരങ്ങളും വരുമാനവും ലഭ്യമാക്കിക്കൊണ്ട് സുസ്ഥിര സാമ്പത്തിക വികസനം കൈവരിക്കാൻ സഹായിക്കുക എന്നതും ക്യാമ്പയിൻറെ മുഖ്യ ലക്ഷ്യമാണ്. ഇതിൻറെ ഭാഗമായി അവർക്ക് തദ്ദേശീയമായ ബിസിനസ് മാതൃകകൾ സംബന്ധിച്ച് പഠിക്കുന്നതിനും നവീന സംരംഭങ്ങൾ തുടങ്ങുന്നതിനും അവസരമൊരുക്കും. ആവശ്യമായ തൊഴിൽ നൈപുണ്യ പരിശീലനങ്ങളും സാമ്പത്തിക സഹായവും ഇതോടൊപ്പം ലഭ്യമാക്കും.

വൈജ്ഞാനിക മേഖലയിലെ തൊഴിൽ സാധ്യതകളും പരമാവധി ഉപയോഗപ്പെടുത്തും.

കുടുംബശ്രീക്ക് ശക്തമായ യുവനിരയെ വാർത്തെടുക്കുക എന്നതു ലക്ഷ്യമിട്ട് 2021ലാണ് സംസ്ഥാനത്ത് ആദ്യമായി ഓക്സിലറി ഗ്രൂപ്പുകൾ രൂപീകരിച്ചത്. തുടർന്ന് ഓക്സോമീറ്റ്, മീറ്റ് ദ് ന്യൂ ക്യാമ്പയിനുകളും കുടുംബശ്രീ സംഘടിപ്പിച്ചിരുന്നു.

## ബലം പ്രയോഗിച്ചത് നിയമപ്രകാരം; കമ്പംമെട്ട് സിഐയ്ക്ക് അനുകൂലമായി വീണ്ടും റിപ്പോർട്ട്

ഇടുക്കി: കൂട്ടാറിൽ ഓട്ടോ ഡ്രൈവറെ മർദിച്ച കമ്പംമെട്ട് സിഐയ്ക്ക് അനുകൂലമായി വീണ്ടും റിപ്പോർട്ട്. കട്ടപ്പന ഡിവൈഎസ്പിയാണ് ജില്ലാ പോലീസ് മേധാവിക്ക് റിപ്പോർട്ട് നൽകിയത്. കൂട്ടം കൂടി നിന്ന ആളുകളെ പിരിച്ചു വിടാൻ നിയമപരമായി മാത്രമാണ് ബലം പ്രയോഗിച്ചതെന്ന് ഇടുക്കി എസ്പിക്ക് സമർപ്പിച്ച റിപ്പോർട്ടിലുള്ളത്. പുതുവത്സര ദിനത്തിൽ കൂട്ടാറിൽ മദ്യപിച്ച് കൂട്ടം കൂടി നിന്ന് വാഹനങ്ങൾക്ക് നേരെ പടക്കം എറിഞ്ഞവരെ പിരിച്ചുവിടുന്നതിനിടയിലാണ് ഓട്ടോ ഡ്രൈവർ മുരളിധരന് മർദനം ഏറ്റതെന്നാണ് കട്ടപ്പന ഡിവൈഎസ്പി വി എ നിഷാദ് മോന്റെ റിപ്പോർട്ട്. കമ്പംമെട്ട് സിഐ നടത്തിയത് നിയമപരമായ ബലപ്രയോഗം മാത്രമാണ്. രണ്ട് എസ്ഐമാർ ഉൾപ്പെട്ട സംഘം പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടും പിരിഞ്ഞു പോകാതെ വന്നതിനെ തുടർന്നാണ് സിഐ എത്തിയത്. സിഐക്കെതിരെ നടപടി ആവശ്യം ഇല്ലെന്നും ജില്ലാ പോലീസ് മേധാവിക്ക് ലഭിച്ച റിപ്പോർട്ടിൽ പറയുന്നു.

# ആന ഇടഞ്ഞുള്ള അപകടം; നഷ്ടപരിഹാരം നൽകേണ്ടത് ക്ഷേത്രം കമ്മിറ്റിയെന്ന് വനംമന്ത്രി

കോഴിക്കോട്: കൊയിലാണ്ടിയിൽ ആന ഇടഞ്ഞുണ്ടായ അപകടത്തിൽ നഷ്ടപരിഹാരം നൽകേണ്ടത് ക്ഷേത്രം കമ്മിറ്റിയെന്ന് വനംമന്ത്രി എ. കെ. ശശീന്ദ്രൻ. സർക്കാർ നഷ്ടപരിഹാരം നൽകുന്നതിൽ ആലോചന നടത്തുമെന്നും മന്ത്രി പ്രതികരിച്ചു.ആനയിടഞ്ഞ് മൂന്ന് പേർ മരിച്ച സംഭവത്തിൽ അപകടസ്ഥലം സന്ദർശിച്ച ശേഷം സംസാരിക്കുകയായിരുന്നു മന്ത്രി. നാടിനെ ഞെട്ടിച്ച വലിയ ദുരന്തമാണ് കൊയിലാണ്ടി കുറവങ്ങാട് മണക്കുളങ്ങര ക്ഷേത്രത്തിൽ ഉണ്ടായത്. സംഭവം അറിഞ്ഞ ഉടനെ വനംവകുപ്പ് ഉദ്യോഗസ്ഥരും ജില്ലാ ഭരണകൂടത്തിന്റെ മേധാവികളും പോലീസുമെല്ലാം സ്ഥലത്തെത്തി പരിശോധന നടത്തിയെന്ന് മന്ത്രി പറഞ്ഞു. നാട്ടാന പരിപാലന ചട്ടത്തിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ വീഴ്ച സംഭവിച്ചെന്നാണ് സർക്കാരിന് ലഭിച്ച റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ളത്. വെടിക്കെട്ടുമായി ബന്ധപ്പെട്ട് വേണ്ടത്ര ജാഗ്രത പുലർത്തിയില്ലെന്ന് ജില്ലാ ഭരണകൂടവും അറിയിച്ചു. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ സർക്കാരിന് നിയമപരമായി മുന്നോട്ട് പോകണം. ആരെയും സംരക്ഷിക്കില്ലെന്നും മന്ത്രി കൂട്ടിച്ചേർത്തു. കഴിഞ്ഞ ദിവസം ഉത്സവത്തിനിടെ ആനയിടഞ്ഞുണ്ടായ അപകടത്തിൽ മൂന്ന് പേർക്കാണ് ജീവൻ നഷ്ടമായത്. കുറവങ്ങാട് സ്വദേശികളായ ലീല, അമ്മുക്കുട്ടി, രാജൻ എന്നിവരാണ് മരിച്ചത്. അപകടത്തിൽ മുപ്പതിലേറെ പേർക്ക് പരിക്കേറ്റിരുന്നു.